Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M. A. *Managing Editor:* B. Wellington B. A.

പുനലൂർ 12 | മലയാളം 9 | 1965 ജനുവരി 10 ഞായർ തൃശൂർ | വില 10 പൈസ | പേജ് 8

ലോറി വീടിന്മേൽ ഇടിച്ചു

പി. ടി. ഐ. മംഗലാപുരം ജനു. 9

ബംഗലൂരിൽ നിന്നും മംഗലാപുരത്തേക്ക് വന്നിരുന്ന ഒരു ലോറി പുത്തൂരിനടുത്തു വെച്ചു ഒരു വളവ് തിരിയുമ്പോൾ വഴിവക്കിലുള്ള ഒരു വീടിന്മേൽ ചെന്നിടിച്ചതിന്റെ ഫലമായി ഡ്രൈവർ കൊല്ലപ്പെട്ടു. രണ്ടു പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. അപകടത്തിൽ പ്രവേശിപ്പിച്ചിട്ടുള്ള അവരുടെ സ്ഥിതി ഗുരുതരമാണ്.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്‌വഴി	വാരാന്ത്യപതിപ്പ് പോസ്റ്റ്‌വഴി
ഒരു കൊല്ലത്തേയ്ക്ക്	27.00	6.00
മൂന്നുമാസത്തേയ്ക്ക്	11.50	3.00
മൂന്നുമാസത്തേയ്ക്ക്	6.75	1.50
എട്ടാഴ്ചയ്ക്കുവഴി ഒരു മാസത്തേയ്ക്ക്		2.10
വാരാന്ത്യപതിപ്പ് മാത്രം		
മാറ്റിപ്രതി	00.??	00.10

മാനേജർ

ദുർഗ്ഗാപ്പൂർ സമ്മേളനത്തിൽ കോൺഗ്രസ് പ്രസിഡണ്ട് കാമരാജിന്റെ അദ്ധ്യക്ഷപ്രസംഗം

ചരിത്രാഭിലാഷങ്ങൾക്കൊത്തു് നവ ഇന്ത്യയെ കെട്ടിപ്പടുക്കാൻ ആഹ്വാനം

(പി. ടി. ഐ)

ദുർഗ്ഗാപ്പൂർ ജനു. 9

നാം വിഭാവനം ചെയ്യുന്ന നവഇന്ത്യയെ കെട്ടിപ്പടുക്കുന്നതിനു്, സ്വാതന്ത്ര്യസമരത്തിന്റെ ഘട്ടങ്ങളിൽ പ്രകടിതമായ ആത്മത്യാഗബോധത്തോടെ, ജനങ്ങൾ മുന്നോട്ടു വരണമെന്നു് കോൺഗ്രസ്സ് പ്രസിഡണ്ട് കാമരാജ് ഇന്നു് ആഹ്വാനം ചെയ്തു.

കോൺഗ്രസ്സിന്റെ 69-ാം സമ്മേളനത്തിൽ അദ്ദേഹം അദ്ധ്യക്ഷപ്രസംഗം ചെയ്യുകയായിരുന്നു.

അദ്ദേഹം തുടർന്നു:—

കഴിഞ്ഞകാലും അഭിലഷണീയമായ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷപദം ഞാൻ ഏറ്റെടുത്തപ്പോൾ നമ്മുടെ മഹാനായ നേതാവു് ജവഹർലാൽ നെഹറുവിനോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹവുമായി അടുത്തു പെരുമാറുകയും, എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിക്കുകയും ചെയ്തിരുന്ന ഞങ്ങളുടെയ്പ്പ് ദുഃഖഭാരം അനാഥരാക്കി

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനു ശേഷം നാം എന്തായാണിനും മനഃപൂർവ്വം നേതൃത്വം ഏറ്റെടുത്തിരുന്നതു് അദ്ദേഹം ഇന്ത്യൻ ജനതയുടെ അഭിലാഷങ്ങളുടെ മൂർത്തീകരണമായിരുന്നു. അദ്ദേഹത്തിന്റെ നിഷ്ണാതും രഷ്ട്രത്തിനു് നേരിടേണ്ടിവന്ന അമൂല്യനഷ്ടത്തെ വണ്ണിക്കുവാൻ വാക്കുകൾ പോര

അനുഭവത്തിനു് മുഴുമിക്കുവാൻ കഴിയാതിരുന്ന പ്രവർത്തികളെ ഭയും, രാജ്യകാര്യങ്ങളെയും മുമ്പത്തെപ്പോലെ ഏറ്റെടുക്കുവാൻ വിധി ഞങ്ങളെ നിർബ്ബന്ധിച്ച പക്ഷം ആക്കം ജവഹർലാലിന്റെ വിശ്വസ്തരായ സഹപ്രവർത്തകരുടെ കൂട്ടായ നേതൃത്വം രാഷ്ട്രത്തെ നയിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു.

ജവഹർലാലിന്റെ നിരോധാനന്തരത്തോടുകൂടി നാട്ടിൻ അരാജകതയും പൊട്ടിപ്പുറപ്പെട്ടുമെന്നു പ്രവചിച്ചവർക്ക് തെറ്റു പറ്റി. നേതൃത്വത്തിനു വേണ്ടി കോൺഗ്രസ്സുകാർ കടിപിടി കൂടുമെന്നു അവർ പറഞ്ഞിരുന്നു, പക്ഷേ മഹത്തായ ദേശീയ സംഘടനയുടെ ആദർശങ്ങൾക്ക് അനസ്യൂതമായ വിധത്തിൽ കോൺഗ്രസ്സുകാർ ഉയർന്നു. അനേകരെപ്പോലെതന്നെ ഗാന്ധിജിയും, ജവഹർലാലും കാണിച്ചുതന്ന നിസ്വാർത്ഥ ദേശീയ സേവനത്തിന്റെ പാരമ്പര്യത്തോട് കൂറുള്ളവരാണ് കോൺഗ്രസ്സുകാരെന്നും തെളിഞ്ഞു.

ലാൽബഹദൂർശാസ്ത്രിയെ കോൺഗ്രസ് പാർലിയമെണ്ടറി പാർട്ടിയുടെ നേതാവായും, പ്രധാനമന്ത്രിയായും തെരഞ്ഞെടുത്തതു് ഒരു സുപ്രധാന സംഭവമാണ്. ഈ തെരഞ്ഞെടുപ്പിൽ പാർലിയമെണ്ടറി ജനാധിപത്യ തത്വങ്ങളും ലോകത്തിന്റെ മുഴുവൻ പ്രശംസക്ക് പാത്രമായി.

കരിനിഴലുകൾ

നാമിന്നു് കാണുന്ന ലോകത്തിന്റെ സ്ഥിതി അത്ര ശോഭനമല്ല. അവിടെ കരിനിഴലുകൾ പരന്നിട്ടുണ്ടു്. തക്കതും തീക്കുന്നതിനു് യുദ്ധത്തേയും, യുദ്ധഭീഷണിയേയും, രാഷ്ട്രങ്ങൾ ഇപ്പോഴും ആശ്രയിക്കുന്നു. തെക്കുകിഴക്കൻ ഏഷ്യയിൽ മുഴുവൻ സംഘട്ടനങ്ങളും, സംഘർഷമുണ്ടു് പ്രശ്നങ്ങൾ പരിഹരിക്കുന്ന രാഷ്ട്രങ്ങൾ അനുയത്തിക്കുന്ന നിലപാടുകളും സംഘർഷത്തെ ലഘൂകരിക്കുകയോ, സംഘട്ടനത്തെ ഒഴിവാക്കുകയോ ചെയ്യുന്നില്ല. സ്വതന്ത്ര ആഫ്രിക്കൻ രാജ്യങ്ങൾ കൊളോണിയലിസത്തിന്റെ അന്തിമവളിച്ചം അവസാനിപ്പിക്കുവാൻ അണിനിരന്നിരിക്കുന്നു. തെക്കേ ആഫ്രിക്കയുടെ വർണ്ണവിവേചന നയവും, പോർച്ചുഗലിന്റെ ജനമർദ്ദനവും ലോകജനതയുടെ രോഷത്തിനു് പാത്രീഭവിച്ചിട്ടുണ്ടു്.

ചൈനയുടെ ഭീഷണി

ലോക സമാധാനത്തിനു് ഒരു ഇരുണ്ട ഭീഷണിയായി ചൈന വർത്തിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യാതിർത്തിയിൽ കടന്നു കയറിയതിനു പുറമെ, ചൈന വിസമ്മതിച്ചിരിക്കയാണു്. ഈ അതിർത്തിത്തർക്കം സമാധാനപരമായും, നീതിപൂർവ്വമായ അടിസ്ഥാനത്തിൽ പരിഹരിക്കുവാനാണു് ഭാരതം ശ്രമിക്കുന്നതു്. അതിനേറെയേറെ നമ്മുടെ രാജ്യത്തിന്റെയും, നമ്മുടെ നിലപാടിന്റെയും, നമ്മുടെ നയം ഉദ്ദേശ്യപരമാകം. ഇതിൽ കൂട്ടുത്വമായി അതിശയപ്പെടാനോ പറയുന്നില്ല. കാരണം ഇന്ത്യാരാഷ്ട്രങ്ങളും നല്ല അയൽക്കാരെപ്പോലെ ജീവിക്കേണ്ടതുണ്ടു്. അതുകൊണ്ടു് തർക്കങ്ങളെ വലുതാക്കിക്കാണിക്കാതെ, യോജിപ്പിന്റെ വശങ്ങളെ പൊക്കിപ്പിടിക്കണം

ആഭ്യന്തരം

ആഭ്യന്തരകാര്യങ്ങളെപ്പറ്റി പറയുകയാണെങ്കിൽ നമ്മുടെ ലക്ഷ്യത്തിൽ എത്തണമെങ്കിൽ നാം കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ടു്.

നാലാം പദ്ധതിക്കുള്ള നിർദ്ദേശങ്ങൾക്ക് പ്ലാനിങ്ങ് കമ്മീഷൻ അന്തിമരൂപം കൊടുത്തു് കൊണ്ടിരിക്കയോ ചെയ്തുകൊണ്ടിരിക്കയോ ആണു്. ഇതിൽ കൂടുതലായി അതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. കാരണം ഇന്ത്യാരാഷ്ട്രങ്ങളും നല്ല അയൽക്കാരെപ്പോലെ ജീവിക്കേണ്ടതുണ്ടു്. അതുകൊണ്ടു് തർക്കങ്ങളെ വലുതാക്കിക്കാണിക്കാതെ, യോജിപ്പിന്റെ വശങ്ങളെ പൊക്കിപ്പിടിക്കണം

പാകിസ്ഥാൻ

പാകിസ്ഥാനുമായി സംബന്ധിച്ചു് പറയുകയാണെങ്കിൽ ആ രാഷ്ട്രവുമായി നിലനില്ക്കുന്ന തർക്കങ്ങളെ സമാധാനപരമായി പരിഹരിക്കുകയെന്ന നമ്മുടെ നയം ഉദ്ഘോഷകം. ഇതിൽ കൂടുതലായി അതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. കാരണം ഇരുരാഷ്ട്രങ്ങളും നല്ല അയൽക്കാരെപ്പോലെ ജീവിക്കേണ്ടതുണ്ടു്. അതുകൊണ്ടു് തർക്കങ്ങളെ വലുതാക്കിക്കാണിക്കാതെ, യോജിപ്പിന്റെ വശങ്ങളെ പൊക്കിപ്പിടിക്കണം

ആഭ്യന്തരം

ആഭ്യന്തരകാര്യങ്ങളെപ്പറ്റി പറയുകയാണെങ്കിൽ നമ്മുടെ ലക്ഷ്യത്തിൽ എത്തണമെങ്കിൽ നാം കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ടു്.

നാലാം പദ്ധതിക്കുള്ള നിർദ്ദേശങ്ങൾക്ക് പ്ലാനിങ്ങ് കമ്മീഷൻ അന്തിമരൂപം കൊടുത്തു് കൊണ്ടിരിക്കയോ ചെയ്തുകൊണ്ടിരിക്കയോ ആണു്. ഇതിൽ കൂടുതലായി അതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. കാരണം ഇന്ത്യാരാഷ്ട്രങ്ങളും നല്ല അയൽക്കാരെപ്പോലെ ജീവിക്കേണ്ടതുണ്ടു്. അതുകൊണ്ടു് തർക്കങ്ങളെ വലുതാക്കിക്കാണിക്കാതെ, യോജിപ്പിന്റെ വശങ്ങളെ പൊക്കിപ്പിടിക്കണം

നാലാം പദ്ധതി

ഭക്ഷ്യസ്ഥിതി സ്തംഭിച്ചിട്ടുള്ള ഈ കഴപ്പത്തിന്റെ വെളിച്ചത്തിൽ നാലാം പദ്ധതിയുടെ നിർദ്ദേശങ്ങളെപ്പറ്റി പഠിക്കുകയും അതിനെപ്പറ്റി പഠിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. ഈ പദ്ധതിക്ക് ചിലവിടുന്നതിനായി ദേശീയ വികസനസമിതി അംഗീകരിച്ചിട്ടുള്ള സംഖ്യ 21,500 നും 22,500 കോടി രൂപയ്ക്കും ഇടയിലാണു്. ദേശീയവരുമാനത്തിൽ ഇതുകൊണ്ടു് 6.5 ശതമാനം വർദ്ധനവുണ്ടാകുമെന്നാണു് പറയുന്നതു്.

ഇതുപോലെ സുപ്രധാനമായ ഒരു പദ്ധതികൊണ്ടു് വരുന്ന ഭാരിച്ച ചുമതലകളെപ്പറ്റി നാം ബോധവാന്മാരാകണം. അടുത്ത അഞ്ചു് വർഷത്തിനുള്ളിൽ 21,500 കോടി രൂപയിൽ ഇതിനും തുണപ്പെടുത്തുന്നതിനും കഴിയുന്നത്ര ശ്രമിക്കുന്നുണ്ടു്.

രാജ്യത്തു് പൊതുവിൽ ഭക്ഷ്യമില്ലായ്മയുണ്ടെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. ഇതിൽനിന്നുമായിട്ടുള്ള വിഷമങ്ങളും നീക്കുന്നതിനു് ഭക്ഷ്യോൽപാദനം ത്വരിതപ്പെടുത്തുകയും ചെയ്യുന്നതിനു് ഏറ്റവും പ്രാധാന്യം കൊടുക്കുന്നുണ്ടു്. ദാരിദ്ര്യവും, കഷ്ടപ്പാടുകളും നീക്കണമെന്നുള്ള വ്യഗ്രതയിൽ, ഒരു ആധുനികസമൂഹമായി നാം തീരണമെന്നുള്ള ആഗ്രഹം കൈവിടുന്നുണ്ടു് വലിയ, വലിയ പദ്ധതികളിൽ ഇറങ്ങുവാൻ നമുക്കു് ഉല്പാദനശേഷിയും ഉണ്ടാകുമെന്നുള്ള ബോധവും നമ്മുടെ പദ്ധതികൊണ്ടു് നാം ഉദ്ദേശിച്ച ഫലങ്ങളും കിട്ടുമോയെന്നുള്ള പ്രായോഗികമായി ചിന്തിക്കണം. ഇതുപോലെ വമ്പിച്ച മൂലധനനിക്ഷേപമുണ്ടാകുമെങ്കിൽ, അതിന്റെ പ്രതികരണം നമ്മുടെ തൊഴിലവസരങ്ങൾക്കിടയിൽ ഗുരുതരമായിരിക്കും. എന്തായാലും നമ്മുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് ജനങ്ങൾ വിധിയെഴുതുന്നതു് രാജ്യത്തിനു് ഒരു ഭീഷണിയായിത്തീർന്നിട്ടുള്ള ഭക്ഷ്യക്ഷാമത്തിന്റെയും തൊഴിലില്ലായ്മയുടെയും പ്രശ്നങ്ങളെ പരിഹരിക്കുന്നതിനെ ആശ്രയിച്ചായിരിക്കും.

പിക്കിങ്ങാണു് പിന്നിൽ

സുക്കാർണ്ണോയുടെ യുദ്ധസന്നാഹത്തെപ്പറ്റി ന്യൂയോർക്ക് ടൈംസ്

(പി. ടി. ഐ) ന്യൂയോർക്ക്, ജനുവരി 9

ജോക്കർത്തയിലെ സാമ്രാജ്യത്വ-സാമ്പാ അനുകൂലികളിൽ ഇൻഡോനേഷ്യൻസൈന്യ കേന്ദ്രീകരിച്ചിട്ടുള്ള കാര്യത്തിലുള്ള ഉപദേശം സ്വീകരിക്കുകയും ചെയ്തിരുന്ന ഞങ്ങളുപ്പ് ദുഃഖഭാര അനാഥരാക്കി

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനു ശേഷം നാം എന്തായാണിനും മനഃപൂർവ്വം നേതൃത്വം ഏറ്റെടുത്തിരുന്നതു് അദ്ദേഹം ഇന്ത്യൻ ജനതയുടെ അഭിലാഷങ്ങളുടെ മൂർത്തീകരണമായിരുന്നു. അദ്ദേഹത്തിന്റെ നിഷ്ണാതും രഷ്ട്രത്തിനു് നേരിടേണ്ടിവന്ന അമൂല്യനഷ്ടത്തെ വണ്ണിക്കുവാൻ വാക്കുകൾ പോര

അനുഭവത്തിനു് മുഴുമിക്കുവാൻ കഴിയാതിരുന്ന പ്രവർത്തികളെ ഭയും, രാജ്യകാര്യങ്ങളെയും മുമ്പത്തെപ്പോലെ ഏറ്റെടുക്കുവാൻ വിധി ഞങ്ങളെ നിർബ്ബന്ധിച്ച പക്ഷം ആക്കം ജവഹർലാലിന്റെ വിശ്വസ്തരായ സഹപ്രവർത്തകരുടെ കൂട്ടായ നേതൃത്വം രാഷ്ട്രത്തെ നയിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു.

ജവഹർലാലിന്റെ നിരോധാനന്തരത്തോടുകൂടി നാട്ടിൻ അരാജകതയും പൊട്ടിപ്പുറപ്പെടുമെന്നു പ്രവചിച്ചവർക്ക് തെറ്റു പറ്റി. നേതൃത്വത്തിനു വേണ്ടി കോൺഗ്രസ്സുകാർ കടിപിടി കൂടുമെന്നു അവർ പറഞ്ഞിരുന്നു, പക്ഷേ മഹത്തായ ദേശീയ സംഘടനയുടെ ആദർശങ്ങൾക്ക് അനസ്യൂതമായ വിധത്തിൽ കോൺഗ്രസ്സുകാർ ഉയർന്നു. അനേകരെപ്പോലെതന്നെ ഗാന്ധിജിയും, ജവഹർലാലും കാണിച്ചുതന്ന നിസ്വാർത്ഥ ദേശീയ സേവനത്തിന്റെ പാരമ്പര്യത്തോട് കൂറുള്ളവരാണ് കോൺഗ്രസ്സുകാരെന്നും തെളിഞ്ഞു.

ലാൽബഹദൂർശാസ്ത്രിയെ കോൺഗ്രസ് പാർലിയമെണ്ടറി പാർട്ടിയുടെ നേതാവായും, പ്രധാനമന്ത്രിയായും തെരഞ്ഞെടുത്തതു് ഒരു സുപ്രധാന സംഭവമാണ്. ഈ തെരഞ്ഞെടുപ്പിൽ പാർലിയമെണ്ടറി ജനാധിപത്യ തത്വങ്ങളും ലോകത്തിന്റെ മുഴുവൻ പ്രശംസക്ക് പാത്രമായി.

കരിനിഴലുകൾ

നാമിന്നു് കാണുന്ന ലോകത്തിന്റെ സ്ഥിതി അത്ര ശോഭനമല്ല. അവിടെ കരിനിഴലുകൾ പരന്നിട്ടുണ്ടു്. തക്കതും തീക്കുന്നതിനു് യുദ്ധത്തേയും, യുദ്ധഭീഷണിയേയും, രാഷ്ട്രങ്ങൾ ഇപ്പോഴും ആശ്രയിക്കുന്നു. തെക്കുകിഴക്കൻ ഏഷ്യയിൽ മുഴുവൻ സംഘട്ടനങ്ങളും, സംഘർഷമുണ്ടു് പ്രശ്നങ്ങൾ പരിഹരിക്കുന്ന രാഷ്ട്രങ്ങൾ അനുയത്തിക്കുന്ന നിലപാടുകളും സംഘർഷത്തെ ലഘൂകരിക്കുകയോ, സംഘട്ടനത്തെ ഒഴിവാക്കുകയോ ചെയ്യുന്നില്ല. സ്വതന്ത്ര ആഫ്രിക്കൻ രാജ്യങ്ങൾ കൊളോണിയലിസത്തിന്റെ അന്തിമവളിച്ചം അവസാനിപ്പിക്കുവാൻ അണിനിരന്നിരിക്കുന്നു. തെക്കേ ആഫ്രിക്കയുടെ വർണ്ണവിവേചന നയവും, പോർച്ചുഗലിന്റെ ജനമർദ്ദനവും ലോകജനതയുടെ രോഷത്തിനു് പാത്രീഭവിച്ചിട്ടുണ്ടു്.

ചൈനയുടെ ഭീഷണി

ലോക സമാധാനത്തിനു് ഒരു ഇരുണ്ട ഭീഷണിയായി ചൈന വർത്തിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യാതിർത്തിയിൽ കടന്നു കയറിയതിനു പുറമെ, ചൈന വിസമ്മതിച്ചിരിക്കയാണു്. ഈ അതിർത്തിത്തർക്കം സമാധാനപരമായും, നീതിപൂർവ്വമായ അടിസ്ഥാനത്തിൽ പരിഹരിക്കുവാനാണു് ഭാരതം ശ്രമിക്കുന്നതു്. അതിനേറെയേറെ നമ്മുടെ രാജ്യത്തിന്റെയും, നമ്മുടെ നിലപാടിന്റെയും, നമ്മുടെ നയം ഉദ്ദേശ്യപരമാകം. ഇതിൽ കൂടുതലായി അതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. കാരണം ഇന്ത്യാരാഷ്ട്രങ്ങളും നല്ല അയൽക്കാരെപ്പോലെ ജീവിക്കേണ്ടതുണ്ടു്. അതുകൊണ്ടു് തർക്കങ്ങളെ വലുതാക്കിക്കാണിക്കാതെ, യോജിപ്പിന്റെ വശങ്ങളെ പൊക്കിപ്പിടിക്കണം

ആഭ്യന്തരം

ആഭ്യന്തരകാര്യങ്ങളെപ്പറ്റി പറയുകയാണെങ്കിൽ നമ്മുടെ ലക്ഷ്യത്തിൽ എത്തണമെങ്കിൽ നാം കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ടു്.

നാലാം പദ്ധതിക്കുള്ള നിർദ്ദേശങ്ങൾക്ക് പ്ലാനിങ്ങ് കമ്മീഷൻ അന്തിമരൂപം കൊടുത്തു് കൊണ്ടിരിക്കയോ ചെയ്തുകൊണ്ടിരിക്കയോ ആണു്. ഇതിൽ കൂടുതലായി അതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. കാരണം ഇന്ത്യാരാഷ്ട്രങ്ങളും നല്ല അയൽക്കാരെപ്പോലെ ജീവിക്കേണ്ടതുണ്ടു്. അതുകൊണ്ടു് തർക്കങ്ങളെ വലുതാക്കിക്കാണിക്കാതെ, യോജിപ്പിന്റെ വശങ്ങളെ പൊക്കിപ്പിടിക്കണം

നാലാം പദ്ധതി

ഭക്ഷ്യസ്ഥിതി സ്തംഭിച്ചിട്ടുള്ള ഈ കഴപ്പത്തിന്റെ വെളിച്ചത്തിൽ നാലാം പദ്ധതിയുടെ നിർദ്ദേശങ്ങളെപ്പറ്റി പഠിക്കുകയും അതിനെപ്പറ്റി പഠിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. ഈ പദ്ധതിക്ക് ചിലവിടുന്നതിനായി ദേശീയ വികസനസമിതി അംഗീകരിച്ചിട്ടുള്ള സംഖ്യ 21,500 നും 22,500 കോടി രൂപയ്ക്കും ഇടയിലാണു്. ദേശീയവരുമാനത്തിൽ ഇതുകൊണ്ടു് 6.5 ശതമാനം വർദ്ധനവുണ്ടാകുമെന്നാണു് പറയുന്നതു്.

ഇതുപോലെ സുപ്രധാനമായ ഒരു പദ്ധതികൊണ്ടു് വരുന്ന ഭാരിച്ച ചുമതലകളെപ്പറ്റി നാം ബോധവാന്മാരാകണം. അടുത്ത അഞ്ചു് വർഷത്തിനുള്ളിൽ 21,500 കോടി രൂപയിൽ ഇതിനും തുണപ്പെടുത്തുന്നതിനും കഴിയുന്നത്ര ശ്രമിക്കുന്നുണ്ടു്.

രാജ്യത്തു് പൊതുവിൽ ഭക്ഷ്യമില്ലായ്മയുണ്ടെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. ഇതിൽനിന്നുമായിട്ടുള്ള വിഷമങ്ങളും നീക്കുന്നതിനു് ഭക്ഷ്യോൽപാദനം ത്വരിതപ്പെടുത്തുകയും ചെയ്യുന്നതിനു് ഏറ്റവും പ്രാധാന്യം കൊടുക്കുന്നുണ്ടു്. ദാരിദ്ര്യവും, കഷ്ടപ്പാടുകളും നീക്കണമെന്നുള്ള വ്യഗ്രതയിൽ, ഒരു ആധുനികസമൂഹമായി നാം തീരണമെന്നുള്ള ആഗ്രഹം കൈവിടുന്നുണ്ടു് വലിയ, വലിയ പദ്ധതികളിൽ ഇറങ്ങുവാൻ നമുക്കു് ഉല്പാദനശേഷിയും ഉണ്ടാകുമെന്നുള്ള ബോധവും നമ്മുടെ പദ്ധതികൊണ്ടു് നാം ഉദ്ദേശിച്ച ഫലങ്ങളും കിട്ടുമോയെന്നുള്ള പ്രായോഗികമായി ചിന്തിക്കണം. ഇതുപോലെ വമ്പിച്ച മൂലധനനിക്ഷേപമുണ്ടാകുമെങ്കിൽ, അതിന്റെ പ്രതികരണം നമ്മുടെ തൊഴിലവസരങ്ങൾക്കിടയിൽ ഗുരുതരമായിരിക്കും. എന്തായാലും നമ്മുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് ജനങ്ങൾ വിധിയെഴുതുന്നതു് രാജ്യത്തിനു് ഒരു ഭീഷണിയായിത്തീർന്നിട്ടുള്ള ഭക്ഷ്യക്ഷാമത്തിന്റെയും തൊഴിലില്ലായ്മയുടെയും പ്രശ്നങ്ങളെ പരിഹരിക്കുന്നതിനെ ആശ്രയിച്ചായിരിക്കും.

മാനിനയിലെ കാറപകടം മേജർ തോമസിനെ അറസ്റ്റ് ചെയ്തു

(പി. ടി. ഐ) ട്രോസ്, ജ. 9

രണ്ടുപേരുടെ മരണത്തിനു കാരണമായ ഒരപകടത്തെത്തുടർന്ന് ഒരുയൻ സൈനികോദ്യോഗസ്ഥനെ സിറ്റിപോലീസ് അറസ്റ്റ് ചെയ്തു് സൈനികപോലീസിനെ ഏല്പിച്ചിരിക്കുന്നു.

ട്രോസ്-കേരള റിമൗണ്ടിലെ മേജർ ഡബ്ല്യു. വി. തോമസ് ഓടിച്ചിരുന്ന ഒരു കാർ മറ്റൊരു കാറുമായി കൂട്ടിയിടിച്ചതിനെത്തുടർന്നു് ഒരു ഇറ്റാലിയൻ ദമ്പതിമാർ മരിച്ചു. ഇറ്റാലിയൻ പൗരന്മാരായ ഗ്വിസെപ്പെ ഡിനോ (45), ഭാര്യ ഗ്രാസിയെല്ല (40) എന്നിവരാണു് മരിച്ചതു്. ഇവരുടെ മകൾ ഫ്രാങ്കോയ്ക്കും (15) ലക്ഷം ഡോളർ വരും. സാങ്കേതികസഹായവും, സൈലിയിലെ ജനങ്ങൾക്ക് ഭക്ഷണം എത്തിക്കലുമാണു് ഇവ സഹായഉപാധികൾ ഉള്ളതു്.

ഗോവാ പ്രശ്നം, തിരക്കിട്ട ചർച്ച

(പി. ടി. ഐ) ഉദ്ഗുപ്പർ, ജനു. 9

പ്രതിരോധമന്ത്രി ചവാനും, മഹാരാഷ്ട്ര മുഖ്യമന്ത്രി വി. പി. നായിക്കും പ്രധാനമന്ത്രി ശാസ്ത്രിയുമായി ഇന്നലെ സംഭാഷണം നടത്തി.

ഗോവയുടെ ഭാവിയെപ്പറ്റിയാണ് അവർ ചർച്ച ചെയ്തതെന്നു് പറയുന്നു.

ഇയ മാസാവസാനത്തിൽ ഡൽഹിയിൽ കൂടുന്ന കേന്ദ്ര കോൺഗ്രസ് പാർലിയമെണ്ടറി ബോർഡിൽ ഗോവാ പ്രശ്നം ആലോചനാവിഷയമായേക്കും.

പുനഃശോധനം കക്കോദ്ധാരകരെ നേതൃത്വത്തിൽ ഗോവാപ്രദേശ് കോൺഗ്രസിന്റെ ഒരു പ്രതിനിധിസംഘം പ്രധാനമന്ത്രി ശാസ്ത്രിയെ കണ്ടു് ഗോവയുടെ ഇന്നത്തെ സ്ഥിതി പ്രത്യേകിച്ചും അഭിപ്രായം ഇരുണ്ടമനസ്സുള്ള പാർലിയമെണ്ടറി ബോർഡിന്റെ തീരുമാനത്തിൽ നിന്നും വ്യതിചലിക്കരുതെന്നും നിവേദനം നടത്തി.

ഭക്ഷ്യസ്ഥിതി ഉപ്പിക്കാരനെന്നു് ഗോവിന്ദ നാരായണൻ

(പി. ടി. ഐ) ന്യൂഡൽഹി ജനു. 9

കേരളത്തിലെ ഭക്ഷ്യസ്ഥിതി 'ഉപ്പിക്കാരാണെന്നു് ഗവണ്മെന്റിലെ ഉപദേഷ്ടാവായ ഗോവിന്ദ് നാരായണൻ ഇവിടെ പത്രക്കാരോടു് പറഞ്ഞു.

കേരളത്തിൽ ഭക്ഷ്യം ഇല്ല എന്നു് ആരംഭിച്ചിട്ടുണ്ട്. അതോടെ ഭക്ഷ്യസ്ഥിതി ക്രമേണ മെച്ചപ്പെടുമെന്നും, അടുത്ത മെയ്മാസമായിരിക്കുമെന്നു് കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു.

അയൂബിന്റെ വിജയം ഔദ്യോഗികമായി പ്രഖ്യാപിച്ചു

പി. ടി. ഐ കറാച്ചി, ജ. 8

ജനുവരി രണ്ടാം തീയതി നടന്ന പാക് പ്രസിഡണ്ടിന്റെ തെരഞ്ഞെടുപ്പിൽ പ്രസിഡണ്ടു് അയൂബ് ഖാൻ വിജയിച്ചതായി ഇന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു.

വോട്ടിന്റെ നില ഇതാണു്:—

അയൂബ് ഖാൻ	
ആകെ ലഭിച്ച വോട്ടുകൾ	49,951
കിഴക്കൻ പാകിസ്ഥാനിൽ	21,012
പടിഞ്ഞാറൻ പാകിസ്ഥാനിൽ	28,939
ഫാത്തിമാജിന്ന.	
ആകെ ലഭിച്ച വോട്ടുകൾ	28,691
കിഴക്കൻ പാകിസ്ഥാനിൽ	18,434
പടിഞ്ഞാറൻ പാകിസ്ഥാനിൽ	10,257
കെ. എം. കമാൽ (സ്വ)	
ആകെ ലഭിച്ച വോട്ടുകൾ	183
കിഴക്കൻ പാകിസ്ഥാനിൽ	93
പടിഞ്ഞാറൻ പാകിസ്ഥാനിൽ	90
മിയാൻ ബഷീർ അഹമ്മദ് (സ്വ)	
ആകെ ലഭിച്ച വോട്ടുകൾ	65
കിഴക്കൻ പാകിസ്ഥാനിൽ	11
പടിഞ്ഞാറൻ പാകിസ്ഥാനിൽ	54
മൊത്തം വോട്ടർമാർ	80,000
മൊത്തം പോൾചെയ്ത വോട്ട്	79,700
അസാധു	274

മഹേന്ദ്രരാജാവ് വന്നില്ല

(പി. ടി. ഐ) ന്യൂഡൽഹി ജനു. 9

ഈ മാസാവസാനത്തിൽ നാഗപ്പൂരിൽ കൂടുന്ന ആർ. എസ്. എസ്. റാലിയിൽ പ്രസംഗിക്കാമെന്നേറ്റിരുന്ന നേപ്പാളിലെ മഹേന്ദ്രരാജാവു് ആ പരിപാടി റദ്ദാക്കിയെന്നു് വെളിപ്പെടുത്തിയിരിക്കുന്നു. ഇതിനുള്ള കാരണമെന്താണെന്നു് പറയുവാൻ വിദേശകപ്പലിലെ വക്താവു് കൂട്ടാക്കിയില്ല. രാജാവിന്റെ സ്വന്തം തീരുമാനമാണ് അതെന്നു് വക്താവു പറഞ്ഞു.

കാർഷികവിലക്കമ്മീഷന്റെ ചെയർമാൻ

ഭക്ഷ്യവകുപ്പു് സഹമന്ത്രിയെ നിയമിച്ചു

(പി. ടി. ഐ) ന്യൂഡൽഹി, ജനു. 9

ബോംബെ സർവ്വകലാശാലയിലെ സാമ്പത്തിക വകുപ്പിന്റെ തലവനായ പ്രൊഫസർ എം. എൽ. ദന്ത്വാലയെ കാർഷികവിലകമ്മീഷന്റെ ചെയർമാനായി നിയമിച്ചിരിക്കുന്നു. കാർഷികയുത്തെ സംബന്ധിച്ചു്, കാർഷികവിഭവങ്ങളുടെ വിലത്തോതിനെപ്പറ്റിയും ഗൗരവപൂർവ്വമായി ഗവണ്മെന്റിനെ ഉപദേശിക്കുകയെന്നതാണു് ഈ കമ്മീഷന്റെ ജോലി.

പുഴുത്തുവെപ്പുകാരെ പിടിക്കാൻ പുതിയ ശ്രമം

പി. ടി. ഐ ഉദ്ഗുപ്പർ, ജ. 8

ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവെപ്പും കൊള്ളലാഭവും തടയാൻ രാജ്യരക്ഷാനിയമമുപയോഗപ്പെടുത്തുള്ള എല്ലാധികാരങ്ങളും ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പ്രധാനമന്ത്രി ശാസ്ത്രിയും ആഭ്യന്തരമന്ത്രി നന്ദയും പേന്തു് ഇന്നു് സംസ്ഥാനമുഖ്യമന്ത്രിമാരെ ധരിപ്പിക്കുകയുണ്ടായി.

കേരൺ: സമ്മേളനം സമാപിക്കുന്നതിനുമുമ്പായി നന്ദ മുഖ്യമ

തെഴിലാളി

പ്രചാരണം 90
വരിസംഖ്യ 125
പ്രതിനിധിയുടെ അലവൻസ് 485

1965 ജനുവരി 10_ംനു ഞായർ

ഗവ. സ്കൂൾ അദ്ധ്യാപകർ സമരത്തിലേക്ക്

....ം....

കേരളത്തിലുള്ള 2863 ഗവ. സ്കൂളുകളിലെ 25000 അദ്ധ്യാപകർ അവരുടെ അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി രണ്ടു ദിവസത്തിനകം നിരാഹാരപ്രസ്ഥാനവും മോക്ഷ്ടഡൗൺസമരത്തിലേക്കു് ആരംഭിക്കുവാൻ പോകുന്നു എന്നു കാണുന്നു. ഇടക്കാലാശ്വാസമായി 25 കു അനുവദിക്കുക, കേന്ദ്രമന്ത്രിമാരുടെ നിലയിൽ അനുവദിക്കുക, ഒരു ശമ്പളകമ്മീഷനെ നിയമിക്കുക, തൊഴിൽ അദ്ധ്യാപകരുടെ കാര്യത്തിൽ എന്നിവയാണു് അദ്ധ്യാപകർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ. ജനുവരി പതിനൊന്നാം തിയതിയിലെ പ്രതിഷേധദിനാചരണം കഴിഞ്ഞാൽ 16, 17 തിയതികളിൽ എറണാകുളത്തു് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന അദ്ധ്യാപക സംഘടനകളുടെ കൺവെൻഷൻ അനന്തരനടപടികളെപ്പറ്റി ആലോചിക്കുന്നതാണെന്നും കേൾക്കുന്നു.

അദ്ധ്യാപകന്മാരുടെ പൊതുവായ ആവശ്യം അവരുടെ പോക്കാണു്. അതു തുടങ്ങിക്കഴിഞ്ഞു. പതിനായിരത്തിലധികം രൂപ പിരിച്ചെടുത്തതും ഇന്ത്യൻ രാഷ്ട്രീയ നാടകമണ്ഡലത്തിൽ തലയെടുപ്പും മന്ത്രിപ്പുമോഹവുമുള്ള പലരെയും പങ്കെടുപ്പിച്ചും നടത്തപ്പെടുന്ന ഈ സമ്മേളനം, ഭരിക്കുന്ന പാർട്ടിയുടെ സമ്മേളനമായ കൊണ്ടു് കഴിഞ്ഞകാല സർക്കാർ ചെയ്തികളെ എങ്കിനെ വിലയിരുത്തുന്നുവെന്നും ഭാവിയിലേക്കു് നിർണ്ണയിച്ചിട്ടുള്ള പുരോഗമനപരിപാടികൾ എന്തെന്നും കാണുന്നതിനു്

തൊഴിലാളി- 10_1_65 സൺഡേസപ്ലിമെൻറ്

അന്യഷഷ്ണനിക്കർ

കുമാരനാശാന്റെ കാവ്യാദർശം

സമകാലീനജീവിതത്തിലെ ദൈനന്ദിനപ്രശ്നങ്ങളെക്കാൾ ഉത്തമ കവിതക്കു് അനുയോജ്യമായിട്ടുള്ളതു് ശാശ്വതമൂല്യങ്ങളെ വെളിവാക്കുന്നവിധം മനുഷ്യജീവിതത്തിന്റെ ആഴമേറിയ കയങ്ങളിൽ അപ്രതിരോധ്യവും അധൃഷ്യവുമായി വത്തിക്കുന്ന അന്തശ്ചോദനകളാണെന്നാണു് ആശാൻ വിശ്വസിച്ചിരുന്നതു്.

ഏറ്റവും വലിയ കവി ഏറ്റവുമധികം തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്ന എന്ന പ്രസ്താവന മുഴുവൻ നിരർത്ഥകമല്ല. കവിയുടെ മേന്മതന്നെ വരിക്കുന്നതോടെ വിമർശനക്കാരുടേയും വ്യാഖ്യാതാക്കളുടെയും എണ്ണം കൂടുകയും അതോടൊപ്പം വിമർശനസമീപനരീതികളുടെ അടിസ്ഥാനത്തിൽ കാവ്യത്തിനു വ്യാഖ്യാനഭേദങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. വസ്തുസ്ഥിതികളെ പരസ്പരവിരുദ്ധങ്ങളായ വ്യാഖ്യാനങ്ങൾ ഒരേ കവിയെപ്പറ്റിയും കാവ്യത്തെപ്പറ്റിയും ഉണ്ടാകുന്നതിനു്. എല്ലാ വ്യാഖ്യാനങ്ങളും എല്ലായ്പ്പോഴും ശരിയാണെന്നുവരില്ല. വ്യാഖ്യാതാവു് ആത്മാർത്ഥമായിട്ടാണ് അഭിപ്രായപ്രകടനം നടത്തുന്നതെങ്കിൽ, പ്രസ്തുതവും പരക്കെ അംഗീകൃതവുമായ വ്യാഖ്യാനങ്ങളിൽനിന്നും വ്യത്യാസപ്പെട്ടിരുന്നാൽപോലും അയാളുടെ വ്യാഖ്യാനത്തിനു പ്രത്യേകമായ പരിഗണനയും നൽകിയേ പറ്റൂ. എല്ലാവർക്കും ഒരുപോലെ സ്വീകാര്യമായ ഒരു വ്യാഖ്യാനസമ്പ്രദായം ഉണ്ടാകാൻ വിഷമമുണ്ടു്; എങ്കിലും ചില അടിസ്ഥാനകാര്യങ്ങളിൽ ഐകകണ്ഠ്യം പുലർത്താൻ വളരെപ്പേക്ക് സാധിച്ചെന്നുവരും. കവിയെയും കാവ്യത്തേയും വ്യാഖ്യാനിക്കുമ്പോഴും വിമർശിക്കുമ്പോഴും ലക്ഷ്യഭൂതരിൽനിന്നും വളരെ അധികം വ്യതിചലിക്കാതെ ഇരിക്കണമെന്നാഗ്രഹമുള്ളവർക്ക് പൊതുവിൽ സ്വീകരിക്കാവുന്ന ഒരു സമീപനസമ്പ്രദായം ഞാൻ കാണുന്നുണ്ടു്: കവിയുടെ കാവ്യാദർശം എന്താണെന്നു മനസ്സിലാക്കി അതിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ കൃതികളുടെ സ്വഭാവവും മൂല്യവും നിണ്ണയിക്കുക എന്നതാണു് ആ സമ്പ്രദായം. ഇവ സമീപനമനുസരിച്ചു കുമാരനാശാന്റെ കാവ്യങ്ങളെ ആകെക്കൂട്ടി മനസ്സു പരിശോധിക്കാനാണു് ഞാൻ ഇവിടെ ശ്രമിക്കുന്നതു്.

എന്താണു് കുമാരനാശാന്റെ കാവ്യാദർശം? കവിത എന്നാൽ എന്താണു് അദ്ദേഹം അത്മാക്കിയിരുന്നതു്? ഒരു കവിയുടെ അവശ്യകത്തവ്യങ്ങളെ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ എന്തൊക്കെ ആയിരുന്നു? കവിതയുടെ ലക്ഷ്യം, ലക്ഷണം, പ്രയോജനം ഇത്യാദികളെക്കുറിച്ചു ആശാന്നു് എന്തൊക്കെ ധാരണകളാണുണ്ടായിരുന്നതു്? ഇതു പോലുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം ആശാന്റെ പ്രധാന കാവ്യങ്ങളിൽനിന്നും നമുക്കു ലഭിക്കേണ്ടിയിരിക്കുന്നു. വ്യാഖ്യാതാക്കളെ ആശ്രയിക്കേതന്നെ ആശാന്റെ കാവ്യാദർശം എന്താണെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. പ്രത്യേകിച്ചും വീണപൂവ്, നളിനി, ലീല, പ്രരോദനം ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, കരുണ എന്നീ ഏറ്റവും നല്ല കൃതികളെ ഉദാഹരിക്കുന്നതു ഏതു കാവ്യാദർശത്തെ ആണെന്നു മനസ്സിലാക്കാൻ വിഷമമില്ല. പക്ഷേ, കഴിഞ്ഞ 25-30 കൊല്ലക്കാലത്തെ മലയാള സാഹിത്യവിമർശം ഈ കൃതികളെപ്പറ്റിയും ആശാനെപ്പറ്റിയും ഉള്ള പല തെറ്റിദ്ധാരണകൾക്കു് ബീജാവാപം നൽകിയിട്ടുണ്ടു്. ഈ കാലഘട്ടത്തിലെ വിശ്വകർമ്മാവ് അവർ തെറ്റുതന്നെ വഹിച്ചിരുന്ന സാഹിത്യപ്രസ്ഥാനത്തിനു ജന്മങ്ങളുടെ ആത്മകല്പം നേടുന്നതിനുവേണ്ടി അവക്കിഷ്ടമായ രീതിയിൽ ആശാൻകവിതകളെ വ്യാഖ്യാനിക്കുകയും വിമർശിക്കുകയും ചെയ്തു. അവർ സ്വയം അംഗീകരിച്ചിരുന്ന സാഹിത്യമൂല്യങ്ങളും കാവ്യദർശവും ആശാനേറെയുണ്ടായിരുന്നതു കൊണ്ടു് അവയുടെ പ്രചാരണത്തിനും ബഹുമുഖമായ പ്രയോജനമുണ്ടായിരുന്നു. ജാതി നശീകരണം, ദേശീയ സ്വാതന്ത്ര്യസമ്പാദനം ക്ഷേമരാഷ്ട്രനിർമ്മാണം ഇവയൊക്കെയാണു് യഥാർത്ഥ സാഹിത്യമൂല്യങ്ങൾ എന്നു് രാഷ്ട്രീയവീക്ഷണഗതിക്കാരായ ഈ സാഹിത്യവിമർശകന്മാർ വാദിക്കുകയും ആ വാദത്തിനനുകൂലമെന്നു തോന്നിയവയെ ആശാന്റെ കൃതികളിൽനിന്നു തിരഞ്ഞെടുത്തു് പ്രദർശിപ്പിക്കയും ചെയ്യുകയും ചെയ്തു. അങ്ങനെ അവരുടെ അഭിരുചികൾക്കൊത്തു്, അവരുടെ തല്പരലാഭപ്രയോജനങ്ങളുടെ ഒക്കെ വക്താവെന്നു തോന്നത്തക്ക രീതിയിലുള്ള ഒരു ആശാൻവിഗ്രഹം അവർ വാങ്ങത്തുണ്ടാക്കി. ഇന്നും നമ്മുടെയിടയിൽ അധികമധികം പ്രദർശിപ്പിക്കപ്പെട്ടുപോരുന്ന ആശാൻ വിഗ്രഹം ഇതാണു്. അതുകൊണ്ടു് ഈ വേദനയുടെ കവി, ജാതിവിനാശകനായ കവി, എസ്. എൻ. ഡി. പി. കവി, ദേശീയ സ്വാതന്ത്ര്യ വിരുദ്ധനായ കവി എന്നൊക്കെയുള്ള ചെല്ലപ്പേരുകളിൽ ആശാൻ ഇന്നും അറിയപ്പെടുന്നുവെന്നതു്. ഈ ഉദ്ഗ്രഥനാത്മകമല്ലാത്ത ചിന്താമണ്ഡലത്തിലാണു് ഒരു വ്യക്തി താവും പരിവേഷവുമാണു് ഈ ആശാനെ യഥാർത്ഥത്തിൽ ഉണ്ടായിരുന്നതെന്നാണു് നാം ഇനി മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. ആശാന്റെ കവിതകളുടെ മൊത്തം വില കണക്കാക്കാൻ തുടങ്ങുന്നതിനുമുമ്പു് ഏതാനും സാമൂഹ്യ-രാഷ്ട്രീയ അനുമാനങ്ങളെ എതിർത്തു് എതു വരികളാണു് എഴുതിയിട്ടുണ്ടു് എന്നു കണ്ടുപിടിക്കാനാണു് ശ്രമിക്കുന്നതെങ്കിൽ അതു നേരായ മാർഗ്ഗത്തിലുള്ള ഒരു ശ്രമമായിരിക്കും എന്നു ഞാൻ പറയുകില്ല. സാമുദായികമായ ഉച്ചനീചത്വങ്ങളെ ഭർത്സിച്ചെഴുതിയതുകൊണ്ടു മാത്രമാണു് ആശാൻ മഹാകവി ആകുന്നതെങ്കിൽ അതു വരെ ദേശീയമായ ഒരു കാഴ്ചപ്പാടായിരിക്കും. തനിക്കു പുറം കണ്ട ജീവിതത്തിൽനിന്നു ഉത്തേജനം നേടി സാമൂഹ്യപുരോഗതിയെ ഉന്നംവെച്ചു നിരന്തരം എഴുതി എന്നാണെങ്കിൽ മുന്നാ പ്രസംഗിക്കാൻ പാറമയിരിക്കും. പക്ഷേ, ഇത മാസ്ഥാനത്തുള്ളതായി ആശാന്റെ കാവ്യങ്ങൾക്കുള്ളിലേക്കു കടന്നാൽ അവിടെ പല അപ്രതീക്ഷിതവസ്തുതകളും കാണേണ്ടിവരും. ജാതിയെ എതിർത്തു കവിതയെഴുതിയതുകൊണ്ടു മഹാകവിപ്പട്ടമെന്നുതരാം പറയുമ്പോൾ, സ്വാതന്ത്ര്യസമരത്തെ എതിർത്തില്ലേ എന്നു വേറൊരാം ചോദിക്കുന്നു. ഇവ രണ്ടു പ്രസ്താവനകളും ഒരേ മിഥ്യാസങ്കല്പത്തിൽനിന്നാരംഭിക്കുന്നവയാണു്. ദേശീയതപ്രമെന്നും അന്തർദ്ദേശീയതപ്രമെന്നും മാറിമാറി വീമ്പിളക്കിക്കൊണ്ടു നടന്ന ആളുകൾ ഒടുവിൽ ഏതെങ്കിലും പട്ടകുഴികളിൽ ചെന്നുവീഴുന്നു എന്നു നമുക്കറിയാം. ഗാന്ധിയും ബുദ്ധനും കൃഷ്ണനും മഹത്തുക്കളാണെന്നു സ്ഥാലിനും മാവോയും എല്ലാം ഒരേ പോക്കറാറിൽ കൊണ്ടുനടക്കുന്ന കക്ഷികളും അതാതവസരങ്ങളിൽ അവരവക്കു് വ്യക്തിപരമായി പ്രയോജനപ്പെടുന്ന ആ ദർശങ്ങളെ വിറാറഴിക്കുക മാത്രമാണു് ചെയ്തിട്ടുള്ളതു്. അങ്ങനെ നോക്കുമ്പോൾ ജാതിവിരുദ്ധകവിതകൾ എഴുതിയതിൽ അനുമോദിക്കുന്നവരും ദേശീയ സ്വാതന്ത്ര്യവിരുദ്ധ കവിതകൾ എഴുതിയെന്നു പഠഞ്ഞ് അവഹേളിക്കുന്നവരും തൊറാറായ സമീപനരീതിയാണു് അവലംബിക്കുന്നതു് എന്ന നമുക്കു് വ്യക്തമാകും.

വിചിത്രവും രോഗഗ്രസ്തവുമായ മനോഗതി

പ്രബുദ്ധമായ ഇന്ത്യൻ ദേശീയതയുടെ പ്രതിനിധിയായ കവി എന്ന വിശേഷിപ്പിക്കപ്പെട്ടുപോരുന്ന വള്ളത്തോളിനെപ്പോലും നാരായണഗുരുവിനെപ്പോലുള്ള ഒരു ഇന്ത്യാവിരുദ്ധ കവിത എഴുതിയിട്ടുള്ള കവിയും സൂചിപ്പിച്ചുപോലും വള്ളത്തോളിനെ പ്രസ്താവനയിലെ ഒരു പ്രധാനയാകൻ ഇയാളുടെ എന്നോടു ചൊടിച്ചുകൊണ്ടുപറഞ്ഞു: 'കുമാരനാശാൻ ബ്രിട്ടീഷ് ഗവണ്മെന്റിനെ സ്തുതിച്ചെഴുതിയിട്ടുള്ളപ്പോൾ' എന്നു്. ഇവ മനോഗതി വിചിത്രം മാത്രമല്ല, രോഗഗ്രസ്തവുംകൂടി ആണെന്നു ഞാൻ വിചാരിക്കുന്നു. കാരണങ്ങളും ഇവയാണു്:

1. ഒരു കവിയുടെ ഗുണം സ്ഥാപിക്കാൻ മറ്റൊരു കവിയുടെ ദോഷം പുണ്ടിക്കാണിച്ചാൽ പോരാ. 2. വള്ളത്തോളും ഇങ്ങനെ ചെയ്തല്ലോ എന്നു പറഞ്ഞുകൂടാ, ആശാൻ അങ്ങനെ ചെയ്തില്ലല്ലോ എന്നു ചോദിക്കുന്നതു് ബാലിശമാണു്, അപ്രസക്തമാണു്; ഉർബുദ്ധിപ്പെരിതവും യുക്തിവിരുദ്ധവുമാണു്. 3. രാഷ്ട്രീയസാമൂഹ്യപ്രമേയങ്ങളെ ആധാരമാക്കി വളരെ കറച്ചുമാത്രമെഴുതിയ ആളാണു് കുമാരനാശാൻ. സമകാലീന ജീവിതത്തിലെ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചു ഉത്തമകവിതക്കു് അനുയോജ്യമായിട്ടുള്ളതു് ശാശ്വതമൂല്യങ്ങളെ വെളിവാക്കുന്നവിധം മനുഷ്യജീവിതത്തിന്റെ ആഴമേറിയ കയങ്ങളിൽ അപ്രതിരോധ്യവും അധൃഷ്യവുമായി വത്തിക്കുന്ന അന്തശ്ചോദനകളാണെന്നാണു് ആശാൻ വിശ്വസിച്ചിരുന്നതു്. വിണപൂവുമൽ കരുണവരെയുള്ള ഉന്നപ്രകൃതികളും ആശാന്റെ പ്രതിനിധിയിലുള്ള അവയുടെ ആവിഷ്കാരവും ഇതുതന്നെ വ്യക്തമാക്കുന്നു. 4. ആശാൻ ബ്രിട്ടീഷ്യുക്കിരിനെയും ശ്രീമൂലം തിരുനാളിനെയും സ്തുതിച്ചെഴുതിയിട്ടുണ്ടു്. സി. വി. രാമൻപിള്ള, ചട്ടമ്പിസ്വാമികൾ, ഏ. ആർ. രാജരാജവർമ്മ, ആശാൻ മുതലായവക്കു് പ്രകടമായ ബ്രിട്ടീഷ് പിരുദ്ധമനോഭാവം ഇല്ലായിരുന്നു. പക്ഷേ, ഇവ വസ്തുത അവരുടെ സാഹിത്യപരമായ കഴിവുകളെ എങ്ങനെ ഇല്ലാതാക്കുമെന്ന മനസ്സിലാക്കുന്നില്ല. ദേശീയ പ്രസ്ഥാനത്തിന്റെ വക്താക്കളെന്ന നിലയിൽ തങ്ങളുടെ സാഹിത്യസൃഷ്ടികൾക്കു് എന്തെങ്കിലും പ്രത്യേക പരിഗണന വേണമെന്നു് അവരാരും ആവശ്യപ്പെട്ടിട്ടുമില്ല. ബ്രിട്ടീഷ്വിരുദ്ധഗാനങ്ങളെഴുതിയതുകൊണ്ടുമാത്രം ഒരാൾ നല്ല കവി ആകുമെന്നു ഇന്നു നാം പറയുകയില്ലല്ലോ. 5. ഇവിടെ സൂചിക്കേണ്ട ഒരു പ്രധാന സംഗതികൂടി ഉണ്ടു്. സമകാലീന പ്രശ്നങ്ങളെന്ന സാമാന്യമായി വ്യവഹരിക്കപ്പെടുന്ന കാര്യങ്ങളെപ്പറ്റി എഴുതിയതിനു് ആശാനെ സ്തുതിപാഠകന്മാർ അണിയിച്ച പരിവേഷമാണു് ആശാന്റെ സ്തുതിപാഠകന്മാരിൽനിന്നു് ആശാൻ വ്യക്തിപരമായി രക്ഷപ്പെടുത്തിയതു്. നാം വീണ്ടും ഭർശനം നടത്തേണ്ടതിവിടെയാണു്. പക്ഷേ പ്രബന്ധത്തിന്റെ പ്രധാനവും മാത്രമുള്ള ക്ഷുദ്രകൃതികൾക്കു് അവ അർഹിക്കുന്ന സ്ഥാനമേ നൽകാവൂ; ആശാനും അങ്ങനെ മാത്രമേ നൽകിയിരുന്നുള്ളൂ.

തന്റെ കാവ്യാദർശത്തെപ്പറ്റി വ്യക്തമായ ധാരണകളുള്ള ആളായിരുന്നു കുമാരനാശാൻ. 'ഭഗ്നമുഗദഖരിതും', 'ഉമാകേരളം', 'ചിത്രയോഗം' മുതലായ കൃതികളുടെ നിരൂപണത്തിനു് ആശാൻ കഴിയുന്നത്ര ശ്രമിച്ചും അല്ലാതെ ഞാൻ ഒരു 'മൃതകം' പോലും രചിക്കാറില്ലെന്നുള്ളതു് എനിക്കു നല്ല നിശ്ചയമുള്ള സംഗതിയാണു്. അതുകൊണ്ടു്പണ്ഡിതന്മാരുടെ ഇടയിൽത്തന്നെ പക്ഷാന്തരമുള്ള ചില പ്രമേയങ്ങളില്ലാതെ പല്ലവഗ്രാഹികളായ നിരൂപകന്മാരുടെ അക്ഷേപങ്ങൾക്കോ വിപ്രതിപത്തികൾക്കോ സമാധാനം പറയാൻ എനിക്കു് ഒരു പ്രയാസവും തോന്നാറില്ലെന്നുള്ള വസ്തുതകൂടി വിനയപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇവ അന്തരവും പ്രകൃതവിഷയത്തിലും തുല്യമാണെന്ന കാണുന്നതിൽ വലിയ ചാരിത്ര്യമുണ്ടു്. ഇതുകൊണ്ടു് മനുഷ്യസാധാരണമായ പ്രമാദങ്ങൾ എനിക്കു വരാറില്ലെന്നു ഞാൻ വിചാരിക്കുന്നതായി തെറ്റിദ്ധരിക്കാതിരിപ്പാനപേക്ഷ. പ്രമാദം ആർക്കും വരും; എന്നാൽ അതു ദർശനത്തിൽത്തന്നു പ്രമാണന്മാർക്കു് അറിയാവുന്നതാകയാൽ അതിനെ എടുത്തു പറയേണ്ട ആവശ്യമില്ല. മാദ്ധ്യംകൊണ്ടു് അതിരിപ്രമാദങ്ങൾ ഒന്നംതരുന്ന വാദഗ്രസ്തവിഷയത്തിൽ എനിക്കു സംഭവിച്ചിട്ടുമില്ല.''

പ്രരോദനത്തെപ്പറ്റിയുള്ള ആക്ഷേപങ്ങൾ നാലോരിടത്തിൽ മാത്രം പറഞ്ഞിട്ടുള്ളതാണെന്നും മാറുമുള്ള വള്ളത്തോളിന്റെ ഒഴികഴിവുകളും ഭംഗ്യന്തരേണയുള്ള പ്രശംസകളും നിരാകരിച്ചുകൊണ്ടു് ആശാൻ പറയുന്നു: ''പുരുക്കത്തിൽ നിരൂപകന്റെ ആക്ഷേപങ്ങളെപോലെതന്നെ പ്രശംസയും അസ്ഥാനത്തിലെന്നു പറഞ്ഞാൽ കഴിഞ്ഞു.'' ക്രാന്തദർശിയായ ഒരു കവി ആയിരുന്ന ആശാൻ എന്നു് സമർത്ഥിക്കാൻ ഈ ഉദാഹരണം മതിയാകും. ആശാൻ മാമൂൽ അനുസരിച്ചു് മഹാകാവ്യം എഴുതാതിരുന്നതും മനഃപൂർവ്വമാണു്. ഭഗ്നമാം ഗളചരിതം, ഉമാകേരളം ചിത്രയോഗം എന്നീ കൃതികളുടെ നിരൂപണങ്ങളിൽ അദ്ദേഹം അതു തുറന്നുപറഞ്ഞിട്ടുണ്ടു്. ചിത്രയോഗ നിരൂപണത്തിൽ ആശാൻ വള്ളത്തോളിന്റെ ചിൽക്കാല വളർത്തുപ്പൂ-ഖണ്ഡകാവ്യത്തിലും മാവുഗാനത്തിലും കുടിയുള്ള വളർത്തുപ്പൂ-വിരൽ ചൂണ്ടുന്നതിങ്ങനെയാണു്: ''ആത്മികമായ ഗ്രന്ഥാൽക്കഷ്ടവിഷയത്തിൽ മാത്രമല്ല കേവലം രചനാവിഷയത്തിൽത്തന്നെയും ഈ കവിത മി. തോന്നോന്റെയ ശസ്സിനെ വർദ്ധിപ്പിക്കുന്നതല്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്.'' മഹാകാവ്യങ്ങളുടെ തുടയുടെയുള്ള ആവിർഭാവം കണ്ടു മടുത്ത ആശാൻ ഇങ്ങനെ എഴുതി: 'ഈ വക കാവ്യങ്ങളും കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള 'നെടുങ്കതിർ' കെട്ടിയെടുപ്പാണ് ഓമ്മയിൽ വരുന്നതു്. മുളയും കുരുകും കൊണ്ടു് മുപ്പുരം നാലുരം അടി ഉയരത്തിൽ ഗോപുരംപോലെ കെട്ടിയുണ്ടാക്കി അവളുടെയും മുമ്പുംകൊണ്ടു പൊതിഞ്ഞ ജാലകങ്ങളിൽ തുക്കി അലങ്കരിച്ചു് വമ്പിച്ച ചട്ടക്കൂടുകളിൽ ഉറപ്പിച്ചു താഴെ രണ്ടുവശത്തായി ഒരു കതിരുടെ വാലിന്റെയും തലയുടെയും ആകൃതിയും കാണിച്ചു് കൃഷിപ്പണി തൊഴിലില്ലാത്ത അലഞ്ഞുതിരിയുന്ന കരക്കാർ ചെന്നു മുലിലെടുത്തു് വിഗ്രഹത്തിന്റെ പുറകെ എഴുന്നള്ളിച്ചു കൊണ്ടുപോകുന്ന ഒരു ബ്രഹ്മാണ്ഡമായ വാഹനമാണ് നെടുങ്കതിരയെന്നു് വായനക്കാർ ഓർക്കുമല്ലോ. നമ്മുടെ മഹാകവ്യങ്ങളോടു് ഇതിനു വളരെ സാദൃശ്യമുണ്ടെന്നു സമ്മതിക്കുന്നതിൽ ആക്ഷേപമുണ്ടായിരിയാൽ അതിനു ഞങ്ങൾ അറിയാവുന്നതാണ്. ഗംഭീരമായ വർണ്ണനം, സമൃദ്ധവർണ്ണനം, പർവ്വതവർണ്ണനം, ദൃശ്യവർണ്ണനം തുടങ്ങിയ ഏതെങ്കിലും വർണ്ണനകൊണ്ടു് ഒരു കഥയെ ബലിപ്പെടുത്തുന്നു്, വാല്യം തലയും അങ്ങുമിങ്ങുമാക്കുന്നു ബ്രഹ്മാണ്ഡകൃതിയിൽ എഴുതിയുണ്ടാക്കുന്ന ഈയടുത്തകാലത്തു ചില കൃതികളുടെ സഹിത്യരസികന്മാരുടെ ഏതിയവജ്ഞതയിൽ പര്യവസാനിക്കുന്നതെന്നു ഞങ്ങൾ ബലമായി സംശയിക്കുന്നു.'' ആശാന്റെ ദീർഘദർശിത്വം ഇന്നു തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ ആന്തരസൗന്ദര്യം

വീണപൂവുമുതൽ കരുണവരെയുള്ള പ്രധാന ഖണ്ഡകാവ്യങ്ങളാണ് ആശാന്റെ കാവ്യാദർശത്തിന്റെ പ്രത്യക്ഷനിദർശനങ്ങൾ. സാമൂഹ്യരാഷ്ട്രീയ ചിന്താഗതികളാൽ നമ്മുടെ ദൃഷ്ടി മറക്കപ്പെടുന്നില്ലെങ്കിൽ മനുഷ്യജീവിതത്തിന്റെ ആന്തരസൗന്ദര്യം നമുക്കവയിൽ കാണാൻ കഴിയും. മതപരമെന്നതിനേക്കാൾ കൂടുതലായി ആത്മീയമെന്നാ ആധ്യാത്മികമെന്നാ വിശേഷിപ്പിക്കാവുന്ന ഒരു അന്തർഭതിവിശേഷം ഈ കൃതികൾക്ക് വൈകാരികമായ ഒരു അഗാധത നൽകുന്നു. മനുഷ്യജീവിതത്തിന്റെ ആത്യന്തികസത്യങ്ങളിലാണ് ആശാന്റെ ദൃഷ്ടി പതിഞ്ഞിട്ടുള്ളതു്. ആ പേക്ഷികസത്യങ്ങൾക്കു പിറകിലുള്ള ധ്രുവനക്ഷത്രമാണു് ആശാൻ എന്നു് ഞാൻ പറയുമ്പോൾ അതിനു ഞങ്ങൾ ഉദ്ദേശിക്കുന്ന അർത്ഥം ഇതാണു്. ജീവിതവും മരണവും സുഖവും ദുഃഖവും, സ്നേഹവും സ്നേഹഭംഗവും ഇതൊക്കെയാണു് ആ ആത്യന്തികസത്യങ്ങളെ. മൃത്യുവിൽപെടാത്ത മനുഷ്യനുണ്ടോ? ജീവിതത്തെ ഉപേക്ഷിക്കുന്നവരുണ്ടോ? 'ജീവിതുന്നേ ഭവം' 'ജീവാതാന്നേ ഭവം' എന്നൊക്കെപ്പറഞ്ഞാൽ, ഭവപാശമുണ്ടെങ്കിൽ, ഇവ ജീവിക്കുന്ന മനുഷ്യർക്കും ഇത്തിരിശ്ശി ജീവിതാനുഭവമുണ്ടു്. ജീവിതാനുഭവങ്ങളുമാത്രമോ ഗ്രന്ഥപാരായണംകൊണ്ടുമാത്രമോ ഒന്നും കാവ്യരചനാസാധ്യമാവുകയില്ല. ജന്മസിദ്ധമായപില കഴിവുകൂടെ-അവ വളർത്തിയെടുക്കാനുള്ള ശ്രദ്ധയും തപസ്സും: ഇതെന്നാണു പൂർവ്വികന്മാർ പഠിപ്പിക്കുന്നതു്. പൂന്താനത്തിനും എഴുത്തച്ഛനും ശേഷമുണ്ടായിട്ടുള്ള കവിത ആശാനിൽനിന്നാണു്. മുതുപിതാവിന്റെ വസ്തുത്തുനിൽക്കുന്ന ജീവിതത്തിനുമേലുള്ള ഒരു പിരിമുറുക്കം, തമ്മിലുള്ള ഭയാനകമായ പരസ്പരാശ്രിതത്വം ഇവയൊക്കെയാണു് ആശാൻ കവിതയിൽനാം ആവർത്തിച്ചുകാണുന്നതും കേൾക്കുന്നതുമായ സത്യസാരം. ഇതുമനസ്സിലാക്കാത്തവർമാത്രമേ ആശാൻകവിത 'അപകഷ്ടനാശോധത്തിന്റെ ഉൽക്ഷേപണ'മാണെന്നും മറ്റും വാദിക്കുകയുള്ളു, അതു കേൾക്കുന്നവരുടെ ചെവിയിൽനിന്നു വീഴിക്കുന്നതിനുമുമ്പുതന്നെ അകലത്തിൽനിന്നു വീക്ഷിക്കുന്നതിനുമുമ്പുതന്നെ അതു ചുവിലും പോലുമാനം കാണുകയില്ല.

ഇവിടെയാണ് കഴിഞ്ഞ തലമുറയിലെ ആശാൻ കവിതാനിരൂപണം നമുക്കു തെറ്റായ മാർഗ്ഗദർശനം നൽകുന്നതു്. ഒരുദാഹരണം 'കരുണ'യെപ്പറ്റിയുള്ള ജോസഫ് മുണ്ടശ്ശേരിയുടെ പ്രസിദ്ധ പഠനത്തിൽനിന്നു ഉദ്ധരിക്കാം:

'സാധാരണമനുഷ്യരുടെ കണ്ണിൽ 'നളിനി'യിലെയും 'കരുണ'യിലെയും മറാം ജീവിതം ശോകപര്യവസിതംതന്നെ എന്നാൽ കവിയുടേയും തൽസംബന്ധിയുടേയും നോട്ടത്തിൽ അതു വിജയശ്രീകാളിതമാണു്. എങ്ങനെയെന്നു പോടിച്ചാൽ, ഷേക്സ്പിയറിൻജാഡികളിൽ പ്രോഫല എന്നമാതിരിതന്നെ. പക്ഷേ അങ്ങനെ ഐഡിയലിസ'ത്തിൽ കലാശിക്കുന്ന ജീവിതത്തിന്റെ ഓരോ ദശയും തികഞ്ഞ'റിയലിസ'ത്തോടുകൂടിയാണു് വർണ്ണിക്കപ്പെട്ടിട്ടുള്ളതെന്നു സമ്മതിക്കാം. 'ചണ്ഡാലഭിക്ഷുകി'യെപോലെയുള്ള കൃതികളിൽ വർണ്ണിതമായ ജീവിതം മരണത്തിലല്ല പര്യവസാനിക്കുന്നതെങ്കിലും ലോകയാത്രികന്മാരുടെ ദൃഷ്ടിയിൽ സന്താപജജ്ജരിതമെന്നു വരികയുള്ള പക്ഷം, അവിടേയും ആശാന്റെ പോക്കു് 'ഐഡിയലിസ'ത്തിലേക്കാണു്.'

ഇതു് ചിന്താക്ഷയമല്ല, ചിന്താദാരിദ്ര്യംമാത്രമാണു്. 'ഐഡിയലിസം', 'യഥാർത്ഥം', 'റിയലിസം', ശോകപര്യവസിതം-സന്താപജജ്ജരിതം, വിജയശ്രീലാളിതം: എന്താ കഥ! പോക്കു് 'ഐഡിയലിസ'ത്തിലേക്കാണു്, എങ്കിലും 'റിയലിസ'വും യഥാർത്ഥവും മറാമനുകൂല്യജീവിതവും കവിതയിൽ അനുഭവിക്കുന്നതിനേക്കാൾ കൂടുതലായി ആത്മീയമെന്നാ ആധ്യാത്മികമെന്നാ വിശേഷിപ്പിക്കാവുന്ന ഒരു അന്തർഭതിവിശേഷം ഈ കൃതികൾക്ക് വൈകാരികമായ ഒരു അഗാധത നൽകുന്നു. മനുഷ്യജീവിതത്തിന്റെ ആത്യന്തികസത്യങ്ങളിലാണ് ആശാന്റെ ദൃഷ്ടി പതിഞ്ഞിട്ടുള്ളതു്. ആ പേക്ഷികസത്യങ്ങൾക്കു പിറകിലുള്ള ധ്രുവനക്ഷത്രമാണു് ആശാൻ എന്നു് ഞാൻ പറയുമ്പോൾ അതിനു ഞങ്ങൾ ഉദ്ദേശിക്കുന്ന അർത്ഥം ഇതാണു്. ജീവിതവും മരണവും സുഖവും ദുഃഖവും, സ്നേഹവും സ്നേഹഭംഗവും ഇതൊക്കെയാണു് ആ ആത്യന്തികസത്യങ്ങളെ. മൃത്യുവിൽപെടാത്ത മനുഷ്യനുണ്ടോ? ജീവിതത്തെ ഉപേക്ഷിക്കുന്നവരുണ്ടോ? 'ജീവിതുന്നേ ഭവം' 'ജീവാതാന്നേ ഭവം' എന്നൊക്കെപ്പറഞ്ഞാൽ, ഭവപാശമുണ്ടെങ്കിൽ, ഇവ ജീവിക്കുന്ന മനുഷ്യർക്കും ഇത്തിരിശ്ശി ജീവിതാനുഭവമുണ്ടു്. ജീവിതാനുഭവങ്ങളുമാത്രമോ ഗ്രന്ഥപാരായണംകൊണ്ടുമാത്രമോ ഒന്നും കാവ്യരചനാസാധ്യമാവുകയില്ല. ജന്മസിദ്ധമായപില കഴിവുകൂടെ-അവ വളർത്തിയെടുക്കാനുള്ള ശ്രദ്ധയും തപസ്സും: ഇതെന്നാണു പൂർവ്വികന്മാർ പഠിപ്പിക്കുന്നതു്. പൂന്താനത്തിനും എഴുത്തച്ഛനും ശേഷമുണ്ടായിട്ടുള്ള കവിത ആശാനിൽനിന്നാണു്. മുതുപിതാവിന്റെ വസ്തുത്തുനിൽക്കുന്ന ജീവിതത്തിനുമേലുള്ള ഒരു പിരിമുറുക്കം, തമ്മിലുള്ള ഭയാനകമായ പരസ്പരാശ്രിതത്വം ഇവയൊക്കെയാണു് ആശാൻ കവിതയിൽനാം ആവർത്തിച്ചുകാണുന്നതും കേൾക്കുന്നതുമായ സത്യസാരം. ഇതുമനസ്സിലാക്കാത്തവർമാത്രമേ ആശാൻകവിത 'അപകഷ്ടനാശോധത്തിന്റെ ഉൽക്ഷേപണ'മാണെന്നും മറാം വാദിക്കുകയുള്ളു, അതു കേൾക്കുന്നവരുടെ ചെവിയിൽനിന്നു വീഴിക്കുന്നതിനുമുമ്പുതന്നെ അകലത്തിൽനിന്നു വീക്ഷിക്കുന്നതിനുമുമ്പുതന്നെ അതു ചുവിലും പോലുമാനം കാണുകയില്ല.

ഇവിടെയാണ് കഴിഞ്ഞ തലമുറയിലെ ആശാൻ കവിതാനിരൂപണം നമുക്കു തെറ്റായ മാർഗ്ഗദർശനം നൽകുന്നതു്. ഒരുദാഹരണം 'കരുണ'യെപ്പറ്റിയുള്ള ജോസഫ് മുണ്ടശ്ശേരിയുടെ പ്രസിദ്ധ പഠനത്തിൽനിന്നു ഉദ്ധരിക്കാം:

'സാധാരണമനുഷ്യരുടെ കണ്ണിൽ 'നളിനി'യിലെയും 'കരുണ'യിലെയും മറാം ജീവിതം ശോകപര്യവസിതംതന്നെ എന്നാൽ കവിയുടേയും തൽസംബന്ധിയുടേയും നോട്ടത്തിൽ അതു വിജയശ്രീകാളിതമാണു്. എങ്ങനെയെന്നു പോടിച്ചാൽ, ഷേക്സ്പിയറിൻജാഡികളിൽ പ്രോഫല എന്നമാതിരിതന്നെ. പക്ഷേ അങ്ങനെ ഐഡിയലിസ'ത്തിൽ കലാശിക്കുന്ന ജീവിതത്തിന്റെ ഓരോ ദശയും തികഞ്ഞ'റിയലിസ'ത്തോടുകൂടിയാണു് വർണ്ണിക്കപ്പെട്ടിട്ടുള്ളതെന്നു സമ്മതിക്കാം. 'ചണ്ഡാലഭിക്ഷുകി'യെപോലെയുള്ള കൃതികളിൽ വർണ്ണിതമായ ജീവിതം മരണത്തിലല്ല പര്യവസാനിക്കുന്നതെ

പഴഞ്ചൊൽമാല

(സമ്പാദകൻ: ദാമോദരവിദ്യാർത്ഥി)

[വിവിധമനസനിഷ്പന്നകളും, അനുപമമായ ആശയസമ്പന്നവയുമാണ് പഴഞ്ചൊല്ലുകൾ. പ്രകൃത്യാതന്നെ അവാച്യമായ സൗന്ദര്യവും, ഐശ്വര്യസമ്പൂർണ്ണശക്തിയും അവയ്ക്കുണ്ട്. അനേകമനേകം വാചകങ്ങൾകൊണ്ട് പ്രകടിപ്പിക്കാൻ കഴിയുന്ന കാര്യങ്ങൾ, ചുരുക്കം ചില വാക്കുകൾകൊണ്ട്, അതും ശ്രോതാവിന്റെ ഉള്ളിൽ തട്ടുന്നവിധത്തിൽ, സംഗീതാത്മകമായി, മനസ്സിലാക്കാൻ പഴഞ്ചൊല്ലുകൾ മുഖേന സാദ്ധ്യമാണ്.

അനേകം ഭാഷാസ്നേഹികൾ, ഭാഷയുടെ അമൂല്യസമ്പത്തായ പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നതിനു മുതിർന്നിട്ടുണ്ട്. എന്നാൽ 2600 ലേറെ പഴഞ്ചൊല്ലുകൾ അവരാരും തന്നെ ശേഖരിച്ചിട്ടില്ല. ഭാഷാപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, നാലായിരത്തിലേറെ പഴഞ്ചൊല്ലുകൾ നമ്മുടെ ഭാഷയിലുണ്ട്. അവ മുഴുവൻ സമാഹരിക്കുവാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കുന്ന സമ്പാദകന് 3470 പഴഞ്ചൊല്ലുകൾ ലഭിച്ചിട്ടുണ്ട്.

സമ്പാദകനു കിട്ടിയിട്ടില്ലാത്ത നിരവധി പഴഞ്ചൊല്ലുകൾ നിങ്ങൾ കേൾക്കുകയോ വായിക്കുകയോ ചെയ്തിരിക്കും. അവയും, ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്നവയുടെ തന്നെ പ്രാദേശിക രൂപഭേദങ്ങളും താഴെ കാണുന്ന മേൽവിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.]

കെ. ദാമോദര വിദ്യാർത്ഥി, C/o പത്രാധിപർ, തൊഴിലാളി വാരാന്ത്യപ്പതിപ്പ്, തൃശ്ശൂർ.

അകത്തിട്ടാൽ പുറത്തറിയാം.

അകത്തു കത്തിയും പുറത്തു പത്തിയും.

അകത്തെ അഴകു മുഖത്തറിയാം.

അകപ്പെട്ടാൽ പന്നി ചുമ്മ.

അകപ്പെട്ടവന് അഷ്ടമത്തിൽ ശനി, ഓടിപ്പോയവന് ഒമ്പതാമെടത്തു വ്യാഴം.

അകലത്തെ ബന്ധുവിലും നല്ലതു് അരികത്തെ ശത്രു.

അകലെ ഉഴുതു് പകലേ പോരുക.

അകലെ കൊള്ളാത്തവൻ അടുക്കലും കൊള്ളുകയില്ല.

അകലെ പോയവരെ അരികെ വിളിച്ചാൽ അരയ്ക്കാൽ ഇട്ടു നഷ്ടം.

അകലുംതോറും അടുപ്പം കൂടും.

അകവും പുറവും ഒരുപോലെ.

അക്കച്ചി ഉടമ അരി, തങ്കച്ചി ഉടമ തവിട്.

അക്കരെ നിന്ന പട്ടർ തോണി മുക്കി.

അക്കരെ നില്ക്കുമ്പോൾ ഇക്കരെ പച്ച, ഇക്കരെ നില്ക്കുമ്പോൾ അക്കരെ പച്ച.

അക്കരെ മാവിൽ [illegible] വെച്ചിട്ട് എന്നോടോ കണ്ണുമിഴിക്കുന്നതു്?

അങ്കം കാണുകയും ചെയ്യാം താളി ഒടിക്കുകയും ചെയ്യാം.

അങ്കം വെട്ടിയേ നാടു പിടിക്കൂ.

അങ്ങാടിയിൽ തോററതിന് അമ്മയോട്.

അങ്ങാടിയിൽ ആന വന്നതു പോലെ.

അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നറിയില്ല.

അങ്ങില്ലാപ്പൊല്ലാപ്പിന്റെ ചെന്ത കിളിക്കൂടോ?

അങ്ങുന്നങ്ങോൻ വെക്കുന്നതിനു ഇങ്ങുന്നു ചെറുതുഴിക്കണോ?

അങ്ങുമുണ്ട്, ഇങ്ങുമുണ്ട്, ചന്ത ചോററിൽ പങ്കുമുണ്ട്.

അങ്ങേതിലെ ഒരുവ ചാവ കളുത്തതു്,

അങ്ങോട്ടുള്ളപോലെ ഇങ്ങോട്ടും ഉള്ളൂ.

അച്ചക്കസ്സ് ഇക്കരി.

അച്ചാണിയില്ലാതെ മുച്ചാൺ ഓടുകയില്ല.

അച്ചിക്ക് ഇഞ്ചി പക്ഷം, നായർക്ക് കൊഞ്ചുപക്ഷം.

അച്ചിക്ക് ഉടുക്കാനും, നായർക്ക് പുതയ്ക്കാനും കൊള്ളാം.

അച്ചി കടിച്ചതേ കുട്ടി കടിക്കൂ.

അച്ചിക്കു പൊള്ളുന്നേരം കുട്ടിയെ പിടിച്ചു ചന്തിയിൽ വെക്കും.

അച്ചിക്ക് ദാസ്യപ്രവൃത്തി ചെയ്യുന്നവൻ കൊച്ചിക്കു പോയാലും തൊപ്പിയിട്ടിടണം.

അച്ഛനിച്ഛിച്ചതും പാല്, വൈദ്യൻ കല്പിച്ചതും പാല്.

അച്ഛൻ ആനപ്പുറപ്പാൻ എന്നു വെച്ച് മകന്റെ ചന്തിക്കും തഴമ്പുണ്ടാകുമോ?

അച്ഛന്റച്ഛന് പാളയെങ്കിൽ എന്റച്ഛനും പാളേപ്പ്.

അച്ഛൻ പറഞ്ഞു, കൊച്ചിക്കു പോകാൻ.

അച്ഛനുകൊച്ചൻ വരുമ്പോൾ കൊച്ചച്ചൻ പറയുന്നതു്.

അച്ഛനെ കുത്തിയ കാള മകനെയും കുത്തും.

അച്ഛനു പിറന്ന മകനും, അടിച്ചിപ്പാത്തുട്ടിയും രണ്ടുമുതകും.

അച്ഛനും അമ്മയ്ക്കും മക്കളില്ല.

അച്ഛൻ ചത്തിട്ട് കുട്ടിമലൻ കൊതിക്കുകയില്ല.

അച്ഛൻ പത്താമത്തിലും [illegible] യില്ല.

അഞ്ചഞ്ചുപലം, ഒന്നഞ്ചുപലം.

അഞ്ചാമത്തെ പെണ്ണ് ആരവാരത്തോടെ.

അഞ്ചിൽ വളയാത്തതു് അമ്പതിൽ വളയുമോ?

അഞ്ചുവിരലും ഒരുപോലെയോ?

അ... കാക്കുന്നതു് അയൽ അറിയും, കഞ്ഞിവാർത്തുണ്ണുന്നതു് ഞഞ്ചറിയും.

അഞ്ജനമെന്നതു ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും.

അഞ്ജനക്കാരന്റെമേൽ വഞ്ചനക്കാരൻ.

അടക്കമില്ലാത്തവൻ അടുപ്പിൽ.

അടയ്ക്കാ കട്ടാലും, ആന കട്ടാലും കള്ളനെന്നു പേര്.

അടയ്ക്കാ മടിയിൽ വെക്കാം, കവുങ്ങായാലോ?

അടങ്ങിക്കിടക്കുന്നവരെ അടിക്കാൻ എല്ലാവർക്കും മോഹം.

അടക്കമില്ലാച്ചണ്ടി ആയിരം കോൽ തിരിയണം.

അടങ്ങിക്കിടക്കും പട്ടിയേയും, അനങ്ങാതെ കിടക്കും വെള്ളത്തേയും സൂക്ഷിക്കണം.

അടങ്ങാവഴക്കായുധം, പനന്തരം.

അടച്ചവായിൽ ഈച്ച കയറില്ല.

അടയിൽവെച്ച തേങ്ങപോലെ.

അടികൊള്ളും പിള്ള പറയും.

അടികൊണ്ടാലും മോതിരമിട്ട കൈകൊണ്ട്.

അടിക്കടി വടിമിച്ചം.

അടികൊള്ളുവാൻ ചെണ്ട, പണംവാങ്ങുവാൻ മാരാൻ.

അടിക്കാത്ത മാട് പണിയില്ല.

അടിക്കലം വലിക്കരുതു്.

അടികൊണ്ട വിദ്യയേ അരങ്ങുള്ളൂ.

അടികഴഞ്ഞിട്ടു വടിവെട്ടാൻ പോകുന്നു.

അടികൊണ്ടു വളർന്ന കുട്ടിയും അരച്ചുവെച്ച കഷായവും ഒരുപോലെ.

അടിച്ചാൽ മുതുകിൽ അടി, വയററിൽ അടിക്കരുതു്.

അടിച്ച വാണമേ കയറൂ.

അടിച്ച പുല്ല് തലയ്ക്കു വെക്കരുതു്.

അടിച്ചാൽ തളിക്കാത്തിടത്തു് ചവിട്ടിയാൽ കുളിക്കണം.

അടിനോക്കി നടക്കണം.

അടിതെററിയാൽ ആനയും വീഴും.

അടിയിൽ പാദയം പനമ്പോ?

അടി പലതു കിട്ടിയാലേ, അടവൊന്നു പഠിക്കൂ.

അടിപ്പലവും മുടക്കവും ആക്കം നോക്കി.

അടിമക്കു കപ്പ.

അടിമേൽ അടിയടിച്ചാൽ അമ്മിയും തകരും.

അടിയൻ അതു പകലേ കണ്ടു.

അടിയിലുള്ള അഞ്ചാറു വാറിന് അഞ്ചാറിടങ്ങഴി വെള്ളം കുടിക്കുക.

അടിയോടി മൂത്തതു് ഒരു തമ്പുരാനായി.

അടിയേററ പാമ്പിന്റെ വീറപോലെ.

അടിമോടക്കാമോ അണ്ണന്തമ്പി.

അടിയുംകൊണ്ടു, പുളിയും തിന്നു, കരവുംകൊടുത്തു.

അടിതടക്കാം, ഒടി തടുത്തുകൂടാ.

അടുക്കെ പറയുന്നവന് അഞ്ഞാഴി, മുട്ടുംവെട്ടുന്നവന് മുന്നാഴി.

അടുക്കളക്കാരൻ സ്വന്തമെങ്കിൽ കടപ്പുതിയും മതി.

അടുക്കളയല്ല, അരങ്ങത്തേ.

അടുക്കളയിൽനിന്നു അരങ്ങത്തേക്കു്.

അടുക്കളമാറിയാലാറുമാസം.

അടുക്കള സ്വാധീനമെങ്കിൽ അമ്മാവൻ പുറത്തു്,

അടുത്തവരെ കെടുക്കരുതു്.

അടുപ്പെത്ര ചെറുതായാലും കല്ല് മൂന്നു വേണം.

അടുപ്പിൻപോലെ ഉടുപ്പും.

അടുക്കു കണ്ണുകെട്ടൽ ഉറിമേൽ കലം വെച്ചുകൂടാ.

അടുത്തു പൊട്ടുകളും, ചക്കിക്കു ചങ്കരച്ചൻ.

അടുത്തു കണ്ണും കതിരയും ഒക്കും കൊടുത്തിരുന്നവൾകിലോ?

അട്ടകടിച്ചാൽ കടലിലെ വെള്ളം വററുമോ?

അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാൽ, അട്ട പിന്നെയും പൊട്ടക്കുളം അന്വേഷിക്കും.

അട്ടത്തിരിക്കുന്ന പൊട്ടോ, എന്റെ ഭാഗ്യംയോഗം കണ്ടോ.

.....o.....

തീർത്ഥയാത്ര

(ഇടമറ്റത്ത് സെബാസ്റ്റ്യൻ)

കടുംകൈ-5

ചെറുപ്പത്തിൽ പരദേശയാത്ര ചെയ്ത ആതൻ ഇമ്മയവമ്പുപ്പരുമാം പ്രായം കവിഞ്ഞപ്പോൾ പരലോകയാത്രക്കും ഒരുക്കംതുടങ്ങി.

"ശൈശവേഭ്യസ്തവിദ്യാനാം–യൗവനേവിഷയൈഷിണാം
വാർദ്ധകേമുനിവൃത്തീനാം–യോഗേനാന്തേതനുത്യജാം''

എന്നിങ്ങനെ രഘുവംശരാജാക്കന്മാരുടെ ജീവിതക്രമം കാളിദാസൻ വർണ്ണിച്ചിട്ടുള്ളതിനെ അനുസരിച്ചുകൊണ്ട് അദ്ദേഹം കിരീടമുപേക്ഷിച്ച് വലിയരകാവിൽത്തിരുമൂപ്പെന്ന സ്ഥാനപ്പേരോടുകൂടി കൊട്ടാരംക്ഷേത്രഗോപുരത്തിൽ മുമുക്ഷുവായി വാണു. അനുജൻ കേരളവർമ്മയെ അരിയിട്ടുവാഴ്ത്തി പെരുമാൾപ്പട്ടം കെട്ടിച്ചിരുത്തി തർക്കവ്യാകരണാദിശാസ്ത്രങ്ങളിൽ ഉപരിജ്ഞാനം ആർജ്ജിക്കാൻവേണ്ടി മരുമകൻ ഉസ്സരവർമ്മനെ നാലഞ്ചുകൊല്ലംമുമ്പ് അദ്ദേഹം തക്ഷശിലയിലെ വിദ്യാപീഠത്തിലേക്കയച്ചു. പുത്രന്റെ ദുർവൃത്തികൾനിമിത്തം പൊറുതിമുട്ടിയ മന്ത്രി ചാണിക്യവാചകർ നീതിശാസ്ത്രാഭ്യസനാർത്ഥം വയസ്സ് അതിക്രമിച്ചെങ്കിലും സോമസുന്ദരത്തെയും രാജകുമാരനൊന്നിച്ച് അങ്ങോട്ടു പറഞ്ഞയക്കുകയുണ്ടായി. അവിടെ ദൈവതമാചാര്യന്റെ യാത്രയയപ്പുയോഗം നടന്നപ്പോൾ കശപിശ ഉണ്ടാക്കാൻ ശ്രമിച്ചതു് ആ യുവാവും അവനെ തടഞ്ഞതു് രാജകുമാരനുമായിരുന്നു.

കൊട്ടാരംപണിക്കവേണ്ടി ഗോണ്ടഫറസ്‌രാജാവ് വളരെ പണം ദൈതമശില്പിയെ ഏല്പിക്കുകയും അദ്ദേഹം അതിൽനിന്നു ദരിദ്രരും രോഗികളുമായ പലർക്കും നിസ്സാരമല്ലാത്ത ദാനങ്ങൾ ചെയ്യുകയും ചെയ്തതറിഞ്ഞ് തന്റെ ഉദ്യോഗധനം മതിയാകയ്കയാൽ സോമസുന്ദരവും ആചാര്യന്റെ പക്കൽ കെഞ്ചിച്ചുടി. പരേംഗിതജ്ഞനായ പ്രേഷിതൻ ധൂർത്തപുത്രനെ അധികരിച്ച് യേശു അരുൾചെയ്ത ഉപമ അവനെ നല്ലവണ്ണം ഗ്രഹിപ്പിച്ചിട്ട് രിക്തഹസ്തനായി മടക്കിവിട്ടു.

മറെറാരിക്കൽ തന്റെ ദൈത്യം സ്വീകരിച്ച് പതിവ്രതയായി ജീവിച്ച ഒരു പരകളത്രത്തെ അപഹരിക്കാൻ നടത്തിയ ശ്രമംമൂലം അദ്ദേഹത്താൽ അവൻ ശാസിക്കപ്പെടുകയും വിദ്യാപീഠത്തിൽ ശിക്ഷാർഹനാകുകയും ചെയ്യാൻ ഇടയായി ഇങ്ങനെയുമായിരുന്നു ആചാര്യനോട് അവനുണ്ടായിരുന്ന അന്നത്തെ വിദ്വേഷഹേതുക്കൾ.

കലാലയത്തിൽ ഉസ്സരവർമ്മൻ ഇതര വിഷയങ്ങൾക്കുപുറമെ ദൈതമഗുരുവിന്റെ പ്രസംഗങ്ങൾ ശ്രവിക്കുന്നതിലും അദ്ദേഹം നൽകിയ ഒരു ഗ്രന്ഥം സ്വഭാഷയിൽ പകർത്തുന്നതിലും തൽസംബന്ധമായ വിവരങ്ങൾ ചോദിച്ച് ഗ്രഹിക്കുന്നതിലും കൂടുതൽ ശ്രദ്ധാലുവായിട്ടാണ് വർത്തിച്ചതു്. സോമസുന്ദരവും അഭ്യസനം ഇല്ലാതിരുന്നില്ല. പക്ഷേ വഴി വേറെ ആയിരുന്നു. അവൻ ഷഡ്ദർശനവും കാമശാസ്ത്രവുമാണ് മുഖ്യമായിപ്പഠിച്ചതു്. കൂടാതെ വാമാചാരികളായ ശാക്തേയരുടെ രുദ്രയാമളം, കാളികം, കാമദം, ഗുഹ്യരഹസ്യം മുതലായ കൃത്രിമഗ്രന്ഥങ്ങളിലും പരിജ്ഞാതനായി. ഇരുവർക്കും ശിക്ഷണം പൂർണ്ണമായതിനാൽ മടങ്ങിപ്പോരാനുള്ള ഘട്ടംവന്നു. വിശിഷ്യാ ഉസ്സരവർമ്മന് തന്റെ സോദരിയായ ശിവകുമാരിയുടെ വിവാഹം ആസന്നമായതിനാൽ വേഗം രാജധാനിയിൽ എത്തേണ്ട ആവശ്യവും ഇല്ലാതിരുന്നില്ല.

ഫാബാരന്റെ 33-ാംനമ്പർ "ഗാഹൽത്ത" എന്നു് പേരായ പെരുംകപ്പൽ സിന്ധുനദിയിൽനിന്നു് സമുദ്രത്തിലേക്കിറങ്ങി പുറങ്കടലിൽക്കൂടി കാറ്റത്തു് തെക്കോട്ടു പായുകയാണ്. പ്രധാനോദ്യോഗസ്ഥന്മാരെല്ലാം പലസ്തീനക്കാരായ യഹൂദന്മാരും ശിഷ്ടം ജോലിക്കാർ അടിമകളായ യഹൂദന്മാരും ശിഷ്ടം ജോലിക്കാർ അടിമകളായ യവനന്മാരുമായിരുന്നു. ചെമ്പ്, തകരം മുതലായ ലോഹത്തകിടുകൾ, സ്ഫടികസാമാനങ്ങൾ, ഒവൻ പിപ്പകൾ, തേനും ഒലിവെണ്ണയും നിറച്ച ചാറകൾ, ഉണക്കിക്കെട്ടിയ പലജാതി പഴങ്ങൾ ഇത്യാദി ഇറക്കുമതിച്ചരക്കുകളും ഏതാൻ യാത്രക്കാരെയുംകൊണ്ടായിരുന്നു അതിന്റെ പ്രയാണം.

സോമസുന്ദരം കപ്പൽകയറി അർദ്ധരാത്രിയിൽ കടൽച്ചൊരുക്ക് നിമിത്തം ഉറക്കംവരാതെ മലർന്നു് കിടക്കുകയായിരുന്നു. മേൽത്തട്ടിൽ അട്ടിവെച്ചിരുന്ന ചെറതരം സ്ഫടികമണികളുടെ പെട്ടികളിൽനിന്നു വലിയ ഒരു തേക്കുമൂലം തെററി വീണ് ഛിന്നഭിന്നമായി. നാലഞ്ച് പളുങ്കുമണികൾ മുകളിലുണ്ടായിരുന്ന ഒരു വിള്ളലിൽക്കൂടി ഉരുണ്ടുചിതറി സുന്ദരത്തിന്റെ മാറിൽപ്പതിച്ചു. നല്ല വേദനയുണ്ടായെങ്കിലും അവ തപ്പിയെടുത്തു് ചന്ദ്രികയിൽപ്പരിശോധിച്ചപ്പോൾ വിലയുള്ള മാലക്കല്ലുകളാണെന്ന് മനസ്സിലായി. വീണ്ടും എട്ടുപത്തെണ്ണം മെത്തയിലും മെത്തയിലും അങ്ങിങ്ങായി വന്നുവീണു. അതിൽച്ചിലതു് വെവ്വേറെ പൊതിഞ്ഞുകെട്ടപ്പെട്ടിരുന്നവയാണ്. ഒന്നു രണ്ടെണ്ണം അഴിച്ചുനോക്കിയതിൽ ചിത്രവേലകളോടുകൂടി നിർമ്മിച്ച് നിറം കയററി ഉരച്ചിലേല്ക്കാതിരിക്കാനായി പ്രത്യേകം പ്രത്യേകം ആവരണം ചെയ്തു് സൂക്ഷിക്കപ്പെട്ട നായകമണികളാണെന്നു കണ്ടു. കപ്പൽ തേങ്ങുമ്പോൾ കല്ലുകൾ പിന്നെയും ഇളക്കിടെ പെയ്യാതിരുന്നില്ല. സുന്ദരം എഴുന്നേററിരുന്നു് ഉപഷോഫലങ്ങൾ പെറുക്കാൻ തുടങ്ങി.

ഒരാൾ ഉണർന്നെഴുന്നേററ് ഈശ്വരസ്തോത്രങ്ങൾ ആലപിച്ചു. സോമസുന്ദരം മയൂരകൂജനംകേട്ട മണ്ഡലിപോലെ സ്തബ്ധനായി. കയ്യിൽക്കിട്ടിയ കല്ലെല്ലാം എണ്ണിനോക്കിയപ്പോൾ മാശില്ലാമണികൾ അമ്പത്തിരണ്ട്; മാണിക്യപ്പാതി ഏഴെണ്ണം.

പ്രഭാതാൽപ്പരം കപ്പലിലെ മുതൽപിടിക്കാരൻവന്നു് പൊളിഞ്ഞ പെട്ടി തിട്ടപ്പെടുത്തിയതിൽ എഴുപതു ചെറുമണികളും ഒമ്പതു് നായകക്കല്ലുകളും കുറവുള്ളതായി കണ്ടെത്തുകയും തുടർന്ന് സോമസുന്ദരത്തിന്റെ അറയിൽനിന്നു് ചെറുതു് പതിനെട്ടും മൂന്നു വലുതും ആയ മണികൾകൂടി കണ്ടുകിട്ടി. ബാക്കിയെല്ലാം വെള്ളത്തിലായെന്നു് അയാൾ വിശ്വസിച്ചു.

മുതൽപിടിക്കാരൻ പോയിക്കഴിഞ്ഞപ്പോൾ സമീപത്ത് ഉണർന്നുകിടന്ന സഹചാരിയെ നോക്കി സുന്ദരം പറഞ്ഞു

മേൽത്തട്ടിലിരുന്നു്–ആനശിച്ച ഗുരുവിന്റെ ശബ്ദംപോലെ തോന്നുന്നു–വളരെനേരമായി ഒരാൾ പാട്ടുപാടുന്നു

ശരിയാണ് ആചാര്യൻ മുകളിലുണ്ട്. അദ്ദേഹം പാടുകയല്ല, പ്രാർത്ഥിക്കയാകുന്നു. യരുശലേമിലെ സമ്മേളനം കഴിഞ്ഞ് രണ്ടാമതും തക്ഷശിലയിലെത്തി താൻ സ്ഥാപിച്ച പുതിയ സഭയുടെ കാര്യങ്ങൾ മുഴുവൻ ക്രമപ്പെടുത്തിയിട്ട് നമ്മോടുകൂടിയാകപ്പലേറി. ഉസ്സരവർമ്മൻ പ്രസ്താവിച്ചു.

അഹോ! ഗ്രഹപ്പിഴ. എവിടേക്കാണ് ആ ഹതഗുരുവിന്റെ ഈ യാത്ര. മന്ത്രിപുത്രൻ ചോദിച്ചു.

ഞാൻ അദ്ദേഹത്തെ നാട്ടിലേക്ക് ക്ഷണിച്ചിരിക്കയാണ്. നമ്മുടെ ഗുരുനാഥനും എന്റെ അതിഥിയുമായ അദ്ദേഹത്തെ സുന്ദരം ഭത്സിച്ചാൽ ഞാൻ ക്ഷമിക്കയില്ല. രാജകുമാരൻ താക്കീതു നല്കി.

അവൻ കൈരണ്ടും തലയിലേററി മുഖം പുറത്തേക്ക് തിരിച്ച് വിഭ്രാന്തചിത്തനായി ചിന്തിക്കാൻതുടങ്ങി.

യേശുവിന്റെ ശിഷ്യന്മാരിൽ ആരെങ്കിലും അന്യസ്ഥലങ്ങളിലെന്നപോലെ ഇങ്ങോട്ടും വരാതിരിക്കയില്ലെന്ന് അന്ന് താമാർ പ്രവചിച്ചതു് പരമാർത്ഥമായി അവളുടെ പ്രാർത്ഥന ഫലിച്ചു പ്രാർത്ഥനക്ക് ഫലമുണ്ടെന്നോ? ഈ ഹതഗുരു എന്നെ സ്വീകരിക്കാൻ ഒരിക്കലും അവളെ ഉപദേശിക്കയില്ല. തക്ഷശിലയിലെ എന്റെ ചരിത്രം അയാൾ അവളെ കേൾപ്പിക്കയുംചെയ്യും വേറെയും കുണ്ടാമണ്ടികൾ ഉണ്ടാക്കാൻ എളുവുണ്ട്. ഉസ്സരവർമ്മനാണ് ഇതിനെല്ലാം കാരണഭൂതൻ.

ഞാൻ ഈ കടലിൽ ചാടാൻപോകയാണ്. സോമസുന്ദരം തിരിഞ്ഞുനോക്കി പറഞ്ഞു

എന്താ? ഞാൻശാസിച്ചതുകൊണ്ടാണോ; മേലിൽ വിവേകത്തോടുകൂടി പെരുമാറിയാൽമതി സതീർത്ഥ്യൻ സാന്ത്വനം ചെയ്തു

എനിക്ക് നിങ്ങളോടൊന്നിച്ച് കൊട്ടാരത്തിലേക്ക് വരാൻതന്നെ ആഗ്രഹമില്ല. സമുദ്രത്തിൽ ഇടത്തുംവലത്തും അവൻ എത്തിനോക്കി ചാടിനീന്തിയാൽ കരപററാൻ കഴിയുമോഎന്നു്.

വസന്തകാലമദ്ധ്യേ കപ്പൽ അഴിക്കോട്ട് അഴിയിൽ എത്തി. കരയിൽ കാൽ കുത്തിയതേയുള്ളു സോമസുന്ദരം കാണാതെ വഴി ദൂരത്തായിക്കഴിഞ്ഞു.

പലസ്തീനയിൽ ദിവ്യപുരുഷനായി വർത്തിച്ച യേശുവിന്റെ അത്ഭുതപ്രവർത്തകരായ ശിഷ്യന്മാരിൽ ഒരുവൻ ഭാഗിനേയന്റെ പ്രേഷ്ഠൻ; ഗോണ്ടഫറസ്സിന്റെ ഗുരുപാത്രം. ഈ ഗുണകാരണൻ തക്ഷശിലയിൽ നിന്നു് കാലേകൂട്ടി ഉസ്സരവർമ്മന്റെ കത്തനുസരിച്ചു് തിരുമൂപ്പും കേരളവർമ്മ ചക്രവർത്തിയും കൂടി കൊട്ടാരക്കൽ അതിഥിമണ്ഡപത്തിൽ ആചാര്യന്റെ സുഖവാസത്തിന് വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു. ശിഷ്യൻ അദ്ദേഹത്തെ സ്നേഹബന്ധങ്ങൾപൂർവ്വം അവിടെ കൊണ്ടുചെന്നാക്കി.

'വഞ്ചി' എന്നു് നഗരത്തിലെങ്കിലും ഗ്രാമത്തിലെങ്കിലും ചെന്നാൽ അവിടെ യോഗ്യനായ ആളെ തിരക്കിയറിഞ്ഞ് മഹിതാപ്പിലാകുംവരെ അയാളോട് കൂടി പാർക്ക' എന്നായിരുന്നു യേശുവിന്റെ ശാസനം. തന്നിമിത്തം രാജകുമാരന്മാരുടെ ആതിഥ്യം സ്വീകരിക്കാൻ അദ്ദേഹം വിമുഖനായില്ല.

ആ ഗന്ധർവന്റെ പ്രകൃതവും പെരുമാററങ്ങളും കണ്ടറിഞ്ഞതിനു് ശേഷംമതി അന്യോന്യ സന്ദർശനമെന്നു് വലിയ തിരുമേനിയും ശിവകുമാരിയുടെ വിവാഹം സംബന്ധിച്ച ബന്ധപ്പാടുകൾ ഒതുങ്ങിയിട്ടാകാമെന്നു പെരുമാളും നിശ്ചയിച്ചു.

യായിരുസ്, താമാർ, സാദോക്ക് അവളുടെ പൌത്രൻ എലീയാദ്, കന്നരണ്ടു മൂപ്പന്മാർ, ചില വ്യാപാരികൾ ആദിയായി കുറെ യഹൂദനേതാക്കന്മാർ കൂടെക്കൂടെ ആതിഥേയനെ വന്നുകാണുകയും സ്വരാജ്യത്ത് നടന്ന വിശേഷങ്ങളെല്ലാം ചോദിച്ചറിയുകയും ഉപദേശങ്ങൾ ശ്രവിക്കുകയും ചെയ്യാൻ തുടങ്ങി. തൽസമ്പർക്കത്തിന്റെ ഫലമായി രണ്ടുമൂന്നു് ക്കുള്ളിൽ അവരൊക്കെ സന്തോഷപൂർവ്വം യേശുവിനെ വിശ്വസിച്ച് സ്നാപനം സ്വീകരിച്ചു. സാദോക്കിന്റെയും മററും ഒത്താശകൊണ്ടുകൂടി ആചാര്യൻ ക്രമേണ പട്ടണത്തിലുള്ള യഹൂദകുടുംബങ്ങളെ ഒന്നൊന്നായി സന്ദർശിക്കയും നാട്ടിലെ വിവരങ്ങൾ ആരാഞ്ഞറിയുകയും ചെയ്തുകൊണ്ടും കോവിലകത്തെ വിവാഹോത്സവം പ്രമാണിച്ച് സർവ്വത്ര ദൃശ്യമായ ബഹളങ്ങളുടെ കലാശം പ്രതീക്ഷിച്ചുകൊണ്ടും കുറെ ദിവസങ്ങൾ അങ്ങനെ കഴിച്ചുകൂട്ടി.

അതിഥിയുടെ പരിചര്യകൾക്കായി നിയോഗിക്കപ്പെട്ട ഭൃത്യന്മാർ ഒരു ദിവസം ഒന്നിച്ചുകൂടി പെരുമാളുടെ സന്നിധിയിൽച്ചെന്നു് സങ്കടം ബോധിപ്പിച്ചു.

യോഗീശ്വരന്ന് അടിയങ്ങളെക്കൊണ്ടു് യാതൊരാവശ്യവുമില്ല. ഞങ്ങൾ പുര അടിക്കയോ, വെള്ളംകോരുകയോ വിറകു് വെട്ടുകയോ ചെയ്യുന്നതു കണ്ടാൽ അദ്ദേഹവും ഓടിവന്നു് ആ പ്രവൃത്തികളിൽ പങ്കുകൂടും.

ഉറക്കത്തിനു് കട്ടിലോ പായയോ മെത്തയോ ഒരിക്കലും ഉപയോഗിക്കുന്നില്ല. അർദ്ധരാത്രി ആകുമ്പോൾ വല്ല പലകയും നിലത്ത് വലിച്ചിട്ട് അതിന്മേൽ പട്ടുകിടക്കുന്നതു കാണാം.

ഏററം അത്ഭുതകരമായ കാര്യം ഭക്ഷണരീതിയാണ്. കാലത്ത് കാലും മുഖവും കഴുകുന്നതോടെ നാല് ചെറുകമ്പിറ വെള്ളം കുടിക്കും. പ്രാതൽ അതുകൊണ്ടു് കഴിഞ്ഞു. ഞങ്ങൾ ഒരുക്കിവെക്കുന്ന പാലും പഴവും പലഹാരങ്ങളും മറെറ അതേപടി അവിടെ ഇരിക്കയേയുള്ളൂ. ഉച്ചക്ക് ഊണു് കാലമായെന്നാൽ [illegible] എഴുന്നേററ് ഇടംകൈ വിടർത്തി നീട്ടുകയാണ് പതിവ്. ... ആട്ടും എന്തു കൊണ്ടുചെന്നു് പാണിയിൽ വെക്കുന്നുവോ നിന്നുകൊണ്ട് അതുമാത്രം ഭക്ഷിക്കുന്നു. അത്താഴത്തിനു് ഞങ്ങൾ യാതൊന്നും പാകം ചെയ്യേണ്ട. പത്തുനാല്പതു കോതമ്പുമണികൾ ഉപ്പുപോലും കൂടാതെ അദ്ദേഹംതന്നെ അരച്ച് അടചുട്ട് ചെറിയ ഒരു ചെപ്പില്ലാക്കുന്നു. അല്പം മുന്തിരിങ്ങ പിഴിഞ്ഞ നീരുംമട്ടക്കും.

സന്ധ്യയായാൽ എന്തു കാരണത്താലോ ആൾ പരവശനാകാൻ തുടങ്ങുകയായി ശബ്ദം ഗൽഗദമായിമാറും. ശ്വാസം നെടുവീർപ്പാകും. കാഷ്ഠ കണ്ണീർ ധാരയായിപ്പൊഴിയും.

ആദ്യയാമം അവസാനിക്കാറാകുമ്പോൾ ഭവനത്തിലോ തോട്ടത്തിലോ വിജനമായ ഒരു ദിക്കിൽച്ചെന്നു് മുട്ടുകുത്തി ചെപ്പും കപ്പിയും തുറന്നു് വെച്ച് വളരെനേരം പ്രാർത്ഥിക്കയായി. അതിനുശേഷം അപ്പവും നീരും മന്ത്രിച്ച് ഉയർത്തിപ്പിടിക്കും കടവിൽ അതു് രണ്ടും ആസ്വദിച്ച് ആൾ പൂർണ്ണതൃപ്തനായി മാറുന്നു. അനന്തരം എഴുന്നേററ് വന്നു ഞങ്ങളെ വിളിച്ച് ഓരോരുത്തരെ ച്ചോദിക്കയും ഉപദേശിക്കയും ചെയ്യുന്നതും പതിവാണ്. അടിയങ്ങൾ ഇങ്ങനെ ഒരാളെ ഒരേടത്തും കണ്ടിട്ടില്ല.

പെരുമാൾ തലതാഴ്ത്തി കൈകൾകോർത്തു പിടിച്ച് മൌനമായിരുന്നു് തന്റെയും യോഗിയുടേയും ജീവിതാവസ്ഥകൾ തുലാമാനംചെയ്തു. പൊന്തിപ്പോയ തന്റെ തട്ടും സംഭവവൈശിഷ്ട്യങ്ങളും മനസ്സാവാരി നിറച്ചിട്ടും യോഗിയുടെതിനോട് സമീകരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഒരു നെടുവീർപ്പോടുകൂടി

"ശരീരസ്യ ഗുണാനാം ച
ദൂരമത്യന്തമന്തരം
ശരീരം ക്ഷണവിധ്വംസി
കല്പാന്തസ്ഥായിനോ ഗുണാഃ''

എന്ന ശ്ലോകം ഉറക്കെ ഉച്ചരിച്ചു. ശിഷ്യൻ ഉല്ലിധമെങ്കിൽ ഗുരുഭൂതൻ എപ്രകാരമുള്ള ആൾ ആയിരുന്നിരിക്കും. ഇതായിരുന്നു പെരുമാളുടെ പിന്നത്തെ വിചാരം.

ഭൃത്യന്മാർ തുടർന്നു: യോഗി വന്നിട്ട് പിറേറ ദിവസം തുടങ്ങി അടുത്തമുറിയിൽ ആപാദചൂഡം കാവിവസ്ത്രമണിഞ്ഞ വേറൊരു സന്യാസിയും എത്തിച്ചേർന്നിട്ടുണ്ട്. അദ്ദേഹം യോഗിയുടെ പെരുമാററങ്ങൾ ഉറ്റുനോക്കിപ്പഠിച്ചുകൊണ്ടിരിക്കുന്നു.

നിങ്ങൾക്ക് ആൾ മനസ്സിലായില്ല അല്ലേ? ചക്രവർത്തി കല്പിച്ചു. ജ്യേഷ്ഠൻ വേഷപ്രച്ഛന്നനായാൽ ആർക്കുതിരിച്ചറിയാൻ പ്രയാസമാണ്. ഇനിമേൽ സന്യാസി അവിടെ ഉണ്ടായിരിക്കയില്ല. നിങ്ങൾപോയിപ്പതിവുപോലെ തന്നെ പരിചര്യകൾ ചെയ്യണം.

വൈശാഖമാസം ശുക്ലപക്ഷമായി. അടുത്ത ഏഴാമിടത്തു് രാശിയിൽ ഉത്രം നാൾ ആരംഭിക്കുമ്പോഴുള്ള സർവ്വമംഗളസംയുക്തമായ മൈത്രമുഹൂർത്തത്തിലാണ് ശിവകുമാരിയുടെ പാണിഗ്രഹണം. കേരളത്തിലും [illegible] ഇതരഭാഗങ്ങളിലുംനിന്നു ഗണനീയരായ അനേകംപേർ രാജകീയക്ഷണം അനുസരിച്ച് പരിവാരസമേതം കൊടുങ്ങല്ലൂർക്ക് വരവുതുടങ്ങി.

പട്ടണവീഥികൾ കൊടിതോരണാദികളാലും വിശാലമായ കോവിലകാങ്കണങ്ങൾ വെള്ളവിരിച്ച പട്ട് മേൽക്കെട്ടികളോടും പുഷ്പമാല്യങ്ങളോടുംകൂടിയ അനേകം വിരിപന്തലുകളാലും അലങ്കരിക്കപ്പെട്ടു.

മുഹൂർത്തം ആസന്നമായപ്പോൾ പതിപുത്രവതികളായ പുരന്ധ്രീമാർ നീരാട്ട് മംഗളം ആശംസിച്ച്, കുടംകുടമായി എണ്ണ ചാർത്തി കോടി ഉടുപ്പിച്ച് അന്തഃപുരവാസിനിയായ കന്യകയെ അഭ്യംഗസ്നാനാർത്ഥം സ്നാനഘട്ടത്തിലേക്ക കൊണ്ടുപോയ കളികഴിഞ്ഞ് വധുവിനെ പുടവ ഞൊറിഞ്ഞുടുപ്പിച്ച് വേളിപ്പന്തലിലിറക്കി ആർപ്പുകളോടും കുരവകളോടും വാദ്യഘോഷങ്ങളോടുംകൂടി ബന്ധുക്കളായ പതിവ്രതമാർ അരുന്ധതീദർശനം ചെയ്യിച്ച് തീർത്ഥാഭിഷേകംചെയ്തു. അനന്തരം വിവാഹവേദിയിലെ മണിപീഠത്തിന്മേൽ ഇരുത്തി കുന്തൽകെട്ടുക, പച്ചക്കരകയും തലഞ്ഞിപ്പൂമാലയും ചൂടിക്കുക, കണ്ണെഴുതുക, മൈലാഞ്ചിപൂട്ടുക, ആഭരണങ്ങൾ അണിയിക്കുക മുതലായ ചടങ്ങുകൾ നടത്തി.

മാതാവ് ലജ്ജാനതമായ പുത്രീവദനം വാത്സല്യപൂർവ്വം പിടിച്ചുയർത്തി നെററിയിൽ വേളക്കുറി ചാർത്തി. കയ്യിന്മേൽ കെട്ടുകസ്തൂരമിട്ടു. ഒടുവിൽ മന്ത്രകോടിയുടുത്തു് വാൽക്കണ്ണാടിയേന്തി അമ്മയാൽ ആശീർവദിയായ കുമാരികയുടെ ദേവതകളെയും സതീപരണങ്ങളേയുംചെന്നു് വന്ദിച്ച് അനുഗ്രഹങ്ങൾവാങ്ങി മടങ്ങിവന്നു് വീണ്ടും പീഠത്തിൽ ഉപവിഷ്ടയായി.

കോട്ടക്കാവ് ഗ്രാമത്തിൽ ചമ്പകശ്ശേരി ആഢ്യഗൃഹത്തിലെ വസുദേവനുണ്ണിയായിരുന്നു വരൻ. ബ്രാഹ്മണൻ ക്ഷത്രകന്യകയെ അന്തഃപുരത്തിൽ കൂട്ടിരുന്ന പോരാനല്ലാതെ പാണിപീഡനം ചെയ്തു് ഇല്ലത്തു കുടിവെക്കുന്നതു് ശാസ്ത്രത്തിനും പാരമ്പര്യത്തിനും വിരുദ്ധമാണെന്ന ഒരു വാദം ജ്ഞാതികളുടെ മദ്ധ്യേ ഉത്ഭവിക്കാതിരുന്നില്ല. അവർ വിപ്ലവവാദിയുടെ നേതൃത്വത്തിൽ ഒരു ഡിപ്യൂട്ടേഷനായി കോവിലകത്തു് ചെന്നു. പെരുമാളും സ്യാലൻ പകരംമററവുംകൂടി അവരെ സ്വീകരിച്ച് നാലുകെട്ടിലിരുന്നു് സംഭാഷണം നടത്തി.

ശിവകുമാരിയുടെ വിവാഹം വിധിപ്രകാരമുള്ള വേളിയാക്കാതെ കൂട്ടിരിപ്പായിത്തീരുമാറാക്കണമെന്നുള്ളതായിരുന്നു അവരുടെ നിവേദനം. ഉസ്സരവർമ്മനാണ് മറുപടി നല്കിയതു്. അദ്ദേഹം പറഞ്ഞു:

എന്റെ സോദരിക്കും വാസുദേവനുണ്ണിക്കും തമ്മിൽ കണ്ട ജാതകപ്പൊരുത്തത്തിൽ വൈശിഷ്ട്യമാണ് ഈ വിവാഹാലോചനക്ക് കാരണമെന്നു് കേട്ടു. അതാകട്ടെ വരന്റെ കുലീനതയാകട്ടെ എനിക്ക് ആകർഷണീയമായിത്തോന്നിയില്ല. മറിച്ച് ഗുരുവരുടെയും സമസ്തരുടെയും ... കണ്ട ഐശ്വര്യം പ്രശംസനീയമാണ്. ആ ഗുണമുണ്ടായാൽ ഹീനജാതകയായ ചണ്ഡാലവനിതയെത്തന്നേയും വേളി കഴിക്കാൻ ഞാൻ സന്നദ്ധനാകും.

മനുഷ്യകുലം ആണെന്നും പെണ്ണെന്നും രണ്ടു ജാതി മാത്രം–വിജാതീയവിവാഹം നിഷിദ്ധമാണെങ്കിൽ പുരുഷൻ പുരുഷനേയും സ്ത്രീകൾ സ്ത്രീകളേയും മാത്രമേ മേലിൽ വിവാഹം ചെയ്യാവൂ എന്നു് നിശ്ചയിക്കണം.

ബ്രാഹ്മണൻ ഭൂദേവനെങ്കിൽ ക്ഷത്രിയൻ ഭൂമീന്ദ്രനാണ്. ദേവന്മാരെക്കാൾ മഹിമാധിക്യം ഇന്ദ്രനാണല്ലോ. ഇന്ദ്രപുത്രിയെ ദേവൻ പരിഗ്രഹിച്ചാൽ കന്യകക്കേ അതുകൊണ്ട് മാനക്കേടുള്ളൂ.

ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ച് സ്മൃതികർത്താക്കന്മാർ വിവിധാഭിപ്രായക്കാരാകുന്നു

'അദ്ധ്യേതവ്യം ശ്രുതിബ്രഹ്മ–
ക്ഷത്രജന്മത, സദാനത:'

എന്നു് പരാശരൻ പറഞ്ഞിരിക്കകൊണ്ടു് ശാസ്ത്രോക്തി നോക്കിയാൽ ബ്രാഹ്മണരെപ്പോലെ ക്ഷത്രിയരും വേദാധികാരികളും അഗ്നിചിത്തുകളുമത്രെ.

ഇതിഹാസ പുരാണങ്ങളിൽ ബ്രഹ്മക്ഷത്രവിവാഹവാർത്തകൾ ധാരാളം സുലഭമായിക്കാണാം. അതുകൊണ്ട് ഈ വേളി പാരമ്പര്യവിരുദ്ധമാണെന്നു് പറയുന്നതിലും അർത്ഥമില്ല.

കോലബ്രാഹ്മണരുടെ ഭരദ്വാജമാണല്ലോ ശ്രീപരശുരാമൻ. അദ്ദേഹത്തിന്റെ പിതാമഹൻ ഋചീകൻ എന്ന ബ്രാഹ്മണൻ മാതാമഹി കൌശാംബിയിലെ രാജാവായ ഗാഥിയുടെ പുത്രി സത്യവതിയെന്നു് പേരായ ക്ഷത്രകന്യക.

ഏതുവിധം ആലോചിച്ചിട്ടും നിങ്ങളുടെ നിവേദനം അനുവർത്തനീയമായി തോന്നുന്നില്ല,

കൂട്ടിരിപ്പ് എന്ന നടപടി ശാസ്ത്രോക്തമായ അഷ്ടവിവാഹങ്ങൾ ഒന്നിലും ഉൾപ്പെടാത്ത ദുരാചാരമാകുന്നു.

വിവാഹേനവിനാലോകേ
ദാമ്പത്യം ഗോത്രമാരണം.

നമ്പൂതിരിമാർക്ക് ഉസ്സരവർമ്മന്റെ യുക്തികളും തെളിവുകളും നിഷേധിക്കാൻ ശക്യമായില്ല അവർ മുറുമുറുത്തുകൊണ്ടു മിണ്ടാതെ മടങ്ങി.

വരൻ വാസുദേവനുണ്ണി മുമ്പിൽ ഗുരുജനങ്ങളുടേയും പിന്നിൽ പരിജനങ്ങളുടേയും അകമ്പടിയോടും ആർപ്പ്, മേളം മുതലായ കോലാഹലങ്ങളോടുംകൂടി കുളിച്ച് തേച്ച് പട്ടുടുത്ത് ചാർത്തി ഫാലത്തിൽ സിന്ദൂരംപൂട്ടും കഴുത്തിൽ മുല്ലമാല ഹാരം എന്നിവയും ധരിച്ചു ഒരു കൂട്ടം സ്നേഹിതരോടുകൂടി മുഹൂർത്തം തെററാതെ ഗോപുരദ്വാരത്തിൽ എത്തിച്ചേർന്നു. സ്വജനസമന്വിതനായി കാത്തുനിന്ന ശ്യാലൻ ശ്വേതപുഷ്പാഞ്ചിതമായ വഴിയിൽക്കൂടി എതിരേററ് കൊണ്ടുപോയി ജാമാതാവിനെ വാതിൽപ്പടി കയറ്റുക എന്ന കർമ്മം നിർവ്വഹിച്ച അതുകഴിഞ്ഞ് മന്ത്രപൂർവ്വം നൽകപ്പെട്ട മധുപർക്കാദ്യങ്ങളും ഓണപ്പുടവകളും സ്വീകരിച്ച മണവാളനെ സ്യാലസ്ഥാനീയനായ ഉസ്സരവർമ്മൻ മിത്രങ്ങൾ സമേതം വിവാഹമണ്ഡപത്തിലേക്ക് നയിച്ച് കന്യകയുടെ വലതുഭാഗത്തു് വേറൊരു വിശിഷ്ടാസനത്തിൽ ഇരുത്തി.

പിതാവ് പുത്രീഹസ്തം വരന്റെ പാണിയിൽ അർപ്പിച്ചു. പുരോഹിതൻ ദമ്പതിമാരെക്കൊണ്ടു ജ്വലിക്കുന്ന അഗ്നിഹോത്രാഗ്നിയെ ചുററി മൂന്നുവട്ടം വലം വെയ്പ്പിച്ചതും വധുവിനെക്കൊണ്ട് ലാജഹോമം ചെയ്യിച്ച ധൂമം ഘ്രാണിപ്പിച്ചതുമായിരുന്നു ആദ്യംനടന്ന വൈദികാനുഷ്ഠാനം,

തദനന്തരം വധുവിനോട് അദ്ദേഹം ഇങ്ങനെ കരുനീട്ടി.

'വത്സേ! ... പ്രകാശോദ്വാഹവിവാഹം പ്രതികസാക്ഷി ... സമേതാസഭാ ധർമ്മാനുചര്യം വിധിനാവിശങ്കം'.

എന്നുപദേശിക്കയും രണ്ടുപേരെയും മുററത്തിറക്കി ധ്രുവനക്ഷത്രം ചൂണ്ടി കാണിച്ച് കണ്ടതായി പറയിക്കയും ചെയ്തു.

ക്രിയകൾ അവസാനിച്ചപ്പോൾ ബന്ധുക്കൾ ദമ്പതിമാരുടെ ശിരസ്സിൽ അക്ഷതം തൂകി. അതോടെ കതിനകൾ ഗർജ്ജിച്ചു. വാദ്യങ്ങൾ മുഴങ്ങി. സദ്യ ആരംഭിക്കയും ചെയ്തു.

നാനാജാതി മതസ്ഥരായ അതിഥികൾക്ക് വെവ്വേറെ പന്തലുകൾ. ഓരോ പന്തലിലും മേൽനോട്ടത്തിന് വേറെവേറെ ആളുകൾ. യഹൂദപന്തലിൽ സാദോക്കും റോമൻപന്തലിൽ സോമസുന്ദരവും മേൽനോട്ടം വഹിച്ചു. ഉസ്സരവർമ്മന്റെ നിർബ്ബന്ധം നിമിത്തം സദ്യക്ക് ദൈതമനും ചെല്ലാതിരുന്നില്ല.

പന്തലിന് പുറത്തുവെച്ച് പ്ളവീയസ് എന്നു് പേരായ ഒരു റോമൻ പടയാളിയെക്കണ്ടുമുട്ടി. അവൻ പലസ്തീനയിൽ ആയിരുന്ന കാലത്ത് യേശുവിനെ ദണ്ഡിപ്പിച്ചവരിൽ ഒരുവനായിരുന്നതുകൊണ്ട് ആചാര്യന് ആളെ മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. തൽക്കാലത്തെ അവന്റെ ഏകാവസ്ഥിതി മനസ്സിലാക്കാൻവേണ്ടി പ്രേഷിതൻ സമീപിച്ച് സംഭാഷണത്തിൽ ഏർപ്പെട്ടു. പ്ളവീയസ് തന്റെ ആപ്തസുഹൃത്തായിരുന്നതിനാൽ സോമസുന്ദരം അവനെ ക്ഷണിച്ചുകൊണ്ടുപോയി റോമൻ പന്തലിൽ മാന്യസ്ഥാനത്തിരുത്തി. ശത്രുവക്ത്രങ്ങൾ അറിയായ്കയാൽ ആചാര്യനും അവനെപ്പിൻതുടർന്നു് റോമൻ പന്തിയിൽ ചെന്നിരുന്നു. സോമസുന്ദരം പണ്ടേ ഒന്ന വിദ്വേഷബുദ്ധി. ഇപ്പോൾ സപത്നമിത്രത്തെ മാനസാന്തരപ്പെടുത്താൻ ശ്രമിച്ചതായി ധരിച്ച് കൂടുതൽ ക്രുദ്ധൻ. അവൻ അദ്ദേഹത്തെപ്പിടിച്ചെഴുന്നേല്പിച്ച് കന്നത്തടിക്കയും പന്തലിൽനിന്നു് പുറത്താക്കുകയും ചെയ്തു.

സംഭവം ദർശിച്ച് ക്ഷുബ്ധരായ യഹൂദന്മാർ കൈകൂട്ടിയെഴുന്നേററ് കൂട്ടംകൂടി അവനെ വളഞ്ഞു. കടുംകൈ, കടുംകൈ എന്നട്ടഹസിച്ചുകൊണ്ട് ഉസ്സരവർമ്മനും ഓടിയെത്തി. ഭയചകിതനായ സുന്ദരം വലയംഭേദിച്ച് എച്ചിൽപ്പുറത്തേക്കുള്ള പ്രാകാരവാതിൽ തള്ളിത്തുറന്നു് പുറത്തേക്ക് പാഞ്ഞു.

അവിടേയും ഉച്ഛിഷ്ടപത്രങ്ങൾ പരക്കെ വലിച്ച് നിരത്തി കടിപിടികൂടിക്കൊണ്ട് പല സ്ഥലത്തുനിന്നും വന്നുകൂടിയ അസംഖ്യം നായ്ക്കളുടെ പ്രീതിവിരുന്നു് നടന്നുകൊണ്ടിരിക്കയായിരുന്നു. ബുഭുക്ഷ തീരാത്ത ശ്വാക്കളെ ശല്യപ്പെടുത്തിക്കൊണ്ട് നടുവെ പാഞ്ഞ അവനെ അകത്ത് യഹൂദന്മാരെന്നപോലെ പുറത്തു് അവയും ആക്രമിക്കാൻ തയ്യാറായി. ആദ്യം രണ്ടു് അൽസേഷ്യൻ നായാട്ടുനായ്ക്കൾ വട്ടംചാടി വഴിതടഞ്ഞു. പിന്നാലെ നാലഞ്ച് നാടൻ ചങ്ങാതിമാർ ഓടിയെത്തി ഇടംകാലിൽപ്പിടികൂടി. ഉടനെ ജാജ്വലനായ ഒരു പട്ടാളശ്ശൂനകൻ ചാടിക്കയറി വലത്തെ കൈത്തണ്ടയിൽക്കടിച്ചുഞാന്നു. സുന്ദരം ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ബോധരഹിതനായി നിലം പൊത്തി. ശ്വാക്കൾ ആകമാനം രണ്ടു് സംഘമായിച്ചേർന്നു് കരചരണങ്ങൾ കയറാക്കിക്കൊണ്ട് വാശിയേറിയ 'പാശയുദ്ധം' ആരംഭിച്ചു. ഉഷ്ണർതുപ്രായനായി. വലംകൈ മുറിഞ്ഞ വേർപെട്ടുവീണു.

നിലവിളിയും ശ്വാക്കളുടെ റാലിയും കേട്ട് ഓടിക്കൂടിയവർ വളരെപ്പണിപ്പെട്ടാണ് സാരമേയത്തെ ദൂരത്താക്കിയതു്. രക്തത്തിൽ നിമഗ്നനായിക്കിടന്ന അവനെ ജനങ്ങൾ അടുത്തു് കണ്ട ഒരു കളിത്തട്ടിലേക്ക മാററി. അമാത്യപുത്രനെ അമേദ്ധ്യഭുക്കുകൾ കൂട്ടംകൂടിക്കൊന്നുവെന്നൊരു വാർത്ത പെട്ടെന്നു് പട്ടണത്തിലെങ്ങും പരന്നു.

ഇതരന്മാരെപ്പോലെ ദൈതമാചാര്യനും അവനെ ചെന്നു് കാണണം. തിക്കും തിരക്കുംമൂലം മുന്നോട്ടുകടക്കാൻ സാദ്ധ്യമാകുന്നില്ല. ജോയിരൂസ് ഒന്നിച്ചെത്തി. അന്തഃപുരപ്പന്തലിൽ നിന്നുകൊണ്ട് അവരെ വീക്ഷിച്ചതാമാർ വിവരം ധരിച്ചു ആതുരശുശ്രൂഷ ധർമ്മമാണെന്ന വിചാരത്താൽ കാലയത്തി മുമ്പിൽ നടന്നു. കണ്ടവർ കണ്ടവർ 'താമര, താമര' എന്നു പറഞ്ഞു് വഴിമാറി.

കളിത്തട്ടിൽ അണഞ്ഞ ഉടൻ അലക്കു തുണിയുംകൊണ്ട് അവൾ വേർപെട്ട കരം വേണ്ടവിധം ചേർത്തുബന്ധിച്ചു. മററ വ്രണങ്ങൾക്കും ആവശ്യമായ പ്രഥമശുശ്രൂഷകൾ നൽകി. അനന്തരം ഇരുകരങ്ങളും മലർത്തിക്കൊണ്ട് താമാർ ആചാര്യന്റെ മുഖത്തു് നോക്കുകയും ഇംഗിതം മനസ്സിലാക്കി അദ്ദേഹം സോമസുന്ദരത്തിന്റെ ധന്വസ്ഥലം പൊക്കിയെടുത്തു് ഉപധാനത്തിന്മേൽ വെച്ചിട്ട് വേഗം തിരോധാനം ചെയ്യുകയും ചെയ്തു. താമാറും പിന്നീട് അവിടെ നിന്നില്ല. മന്ത്രി ഭൃത്യന്മാർ കളിത്തട്ട് ഒരു ശുശ്രൂഷാലയമായി മാററി. വിദഗ്ദ്ധന്മാരായ വൈദ്യന്മാരെത്തേടി പലരും പല ദിക്കകളിലേക്ക് പാഞ്ഞു.

സദ്യ വിരമിച്ചപ്പോൾ അതിഥികളുടെ വിനോദാർത്ഥം പല പന്തലുകളിലും കളരിപ്പയററ്, കഥകളി, പാഠകം, കൂത്ത്, പാമ്പാട്ടം, ചപ്പാണിവാദ്യം ആദിയായ നർമ്മപരിപാടികൾ തുടങ്ങി.

കേരളീയരല്ലാത്ത വിശിഷ്ടാതിഥികൾ എത്രാജ്യഗാനങ്ങളിലും നൃത്തങ്ങളിലും അപരിചിതരാകയാൽ അതാസ്വദിക്കാനായി പ്രത്യേകം തയ്യാറാക്കപ്പെട്ട ശാലയിൽ സമ്മേളിച്ച താമാറിന്റെ നേതൃത്വത്തിൽ പത്തുപന്ത്രണ്ട് യഹൂദബാലികമാർ വേഷമണിഞ്ഞു് നൃത്തമണ്ഡപത്തിൽ എത്തി. തൽക്ഷണമുണ്ട് താമാറിന്റെ നൃത്തം കാണാൻ ബദ്ധപ്പെട്ട് വന്ന സോമസുന്ദരം വലംകൈകൊണ്ട് ചമ്പിച്ച ഒരു പീഠം മുന്നോട്ട് വലിച്ചു നീക്കി അതിന്മേൽ ഇരിക്കുന്നു.

വിസ്മയസ്തബ്ധരായ സദസ്യരുടെ കണ്ണുകൾ അവങ്കലേക്ക് പായുന്നു. അനേകം പേർ എന്തു സംഭവിച്ചുവെന്ന പോലും ഈ ... മുഴക്കി. ഉത്തരം ആ ഹതാചാര്യൻ നശിക്കട്ടെ എന്നുമാത്രം.

താമാർ ചിരിച്ചില്ല. അവൾ മുട്ടുകുത്തി തലതാഴ്ത്തി കുറേനേരം സമാധിചെയ്തശേഷം തോഴിമാരോടുകൂടി ഇറങ്ങിപ്പോയി. എബ്രായനൃത്തത്തിൽ അതുംഒരു ഭാഗമായിരിക്കുമെന്നു് ചില പരദേശികൾ വിചാരിച്ചതു്.

സുന്ദരത്തിന്റെ കൈ അതിവേഗം കൂടിപ്പിടിച്ചതു് വലിയൊരു അത്ഭുതസംഭവമാണെന്നു് സകലരും സമ്മതിച്ചു. പക്ഷേ ആ വിസ്മയം പ്രവർത്തിച്ചതു് താമാറാണെന്നു് ഒരുക്കൂട്ടരും ദൈതമയോഗിയാണെന്നു് മററക്കൂട്ടരും അന്യോന്യം തർക്കമായി. തർക്കംമൂത്തു് പട്ടണത്തിൽ ചിലേടത്തു് ശണ്ഠകൾകൂടി നടന്നു. ചോദ്യംചെയ്തവരോട് താമാർ പറഞ്ഞു് ആചാര്യനാണ് അതുചെയ്തതെന്നു്. ആചാര്യൻ പറഞ്ഞു യേശുവാണ് ചെയ്തതെന്നു്. രണ്ടുപേരും ഒഴിഞ്ഞുമാറിയതെന്തിനു് സുന്ദരത്തെ ചികിത്സിക്കാൻ കൊണ്ടുവരപ്പെട്ട ക്ഷുദ്രക്കാരൻ കണിമംഗലത്തു് കണ്ടൻപണിക്കർ പറഞ്ഞ തന്റെ മന്ത്രവാദമാഹാത്മ്യംകൊണ്ടാണ് ഇതു് അത്ഭുതം സംഭവിച്ചതെന്നു് ... സുന്ദരത്തിന്നു് അതു് പൂർണ്ണബോധ്യമായി.

—

ബാലപംക്തി

6-ാംപേജിൽനിന്നുതുടർച്ച

മരണകിടക്കയിൽ വച്ച് ചെയ്ത വാഗ്ദാനത്തിന്റെ സ്മരണ താലോലിക്കുവാൻ തുടങ്ങിയ എത്രയെത്ര മനുഷ്യരെ വിജയത്തിലേക്ക് നയിച്ചിരിക്കുന്നു. അമ്മ സ്വീകരിക്കുന്നതിലല്ല കൊടുക്കുന്നതിലാണ് അമ്മ സംതൃപ്തയാകുന്നതു് അങ്ങനെ നിസ്വാർത്ഥസ്നേഹത്തിന്റെ ഉല്പന്നമാണ് അമ്മയുടെ വാത്സല്യം. കാരുണ്യവാനും സ്നേഹസമ്പന്നനും ആയ ദൈവത്തിന്റെ അസ്തിത്വത്തെ തൊട്ടുകാണിക്കുന്ന ജീവനുള്ള തെളിവാണ് അമ്മ.

ചന്ദ്രനെപ്പോലെ സുന്ദരിയും സൂര്യനെപ്പോലെ ശോഭിതയും സമുദ്രനിരപോലെ ഭയങ്കരിയുമായ അമ്മയെ അർത്ഥമായവിധത്തിൽ സ്തുതിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അമ്മ എന്താകുന്നുവോ അതു് ദൈവമാതൃത്വംകൊണ്ടും ഒരു വന്നതാണ്. നമ്മളെത്രമാത്രം സ്നേഹിക്കുന്ന അമ്മയോട് പ്രതിസ്നേഹം കാണിക്കാതിരുന്നാൽ നാം നന്ദിഹീനരല്ല. നമ്മെ ഇത്രമാത്രം ക്ഷമയിൽ ഉൾക്കൊണ്ടു പ്രദർശിപ്പിക്കുന്ന അമ്മയോട് വെറുസ്നേഹം കാണിക്കാതിരുന്നാൽ നാം പാപികളല്ല. ക്ലേശിക്കു് ആശ്വാസവും, സങ്കടപ്പെടുന്നവർക്ക് ആനന്ദവും, നിരാശ്രയർക്ക് ആലംബവും നിരാശരായവർക്ക് ആശാദീപവും ആയ പ്രിയമാതാവിനെ സങ്കടപ്പെടുത്താതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതല്ലേ. പാപം ഒന്നു മാത്രമേ ആ മാതൃഹൃദയത്തെ വേദനിപ്പിക്കുകയുള്ളൂ, ദുഃഖിപ്പിക്കുകയുള്ളൂ, സങ്കടപ്പെടുത്തുകയുള്ളൂ, അതു് നമുക്ക് ചെയ്യാതിരിക്കാം.

ചിരിക്കാൻ

എം. സി. ജോസ്
മടത്തുംകടി

നമ്പ് 123

1. വിമാനം പറന്നുകൊണ്ടിരുന്നപ്പോൾ നിർഭാഗ്യവശാൽ പെട്രോൾ തീർന്നുപോയി ഈ വിവരം അറിഞ്ഞ യാത്രക്കാരിൽ ഒരുവൻ വൈമാനികനോട് സാരമില്ല ഞങ്ങൾ എല്ലാവരും ഇറങ്ങി ഉന്തിതരാം എന്നു പറഞ്ഞു.

2. റേഷൻ അരി കൊടുക്കുന്നതിനുള്ള സെൻസസ് എടുക്കുവാൻവന്ന അദ്ധ്യാപകൻ വീട്ടുകാരനോട് ചോദിച്ചു. നിങ്ങൾ വിവാഹിതനോ അവിവാഹിതനോ.

വീട്ടുകാരൻ. പൊന്നു സാറേ ഞാൻ ഇതു രണ്ടുമല്ല. ഈഴവനാണ്.

3 അദ്ധ്യാപകൻ വിദ്യാർത്ഥിയോട്.

'നീ എന്താടാ ഇന്നു കളിക്കാതെ ക്ലാസ്സിൽ വന്നതു്.'

വിദ്യാർത്ഥി: 'സാറെ ഇന്നു മഴ പെയ്തില്ല.'

4. അച്ഛൻ മകനോട് 'നീ എന്താടാ ഈ നട്ടുച്ചക്ക് പ്രാർത്ഥിക്കുന്നതു്.' വൈകുന്നേരമാണ് പ്രാർത്ഥിക്കേണ്ടതു് കേട്ടോ.'

മകൻ: രാത്രിയാകുമ്പോൾ മാതാവ് ഉറങ്ങും അച്ഛാ.

5. വഴിപോക്കൻ എന്താ കരിയാക്കോസേട്ടാ മതിൽ പൊളിക്കുന്നതു്.

കരിയാക്കോസ്, അടുത്തു വരുന്ന തിരഞ്ഞെടുപ്പിൽ വല്ല സ്ഥാനാർത്ഥിയും ഇതിൽ ഒന്നും എഴുതാതിരിക്കുവാനാണ് ഞാൻ മതിൽ പൊളിച്ചു കളയുന്നതു്.

6. അദ്ധ്യാപകൻ, വിദ്യാർത്ഥിയോട് കള്ളന്മാരെ എങ്ങനെ തിരിച്ചറിയാം.

വിദ്യാർത്ഥി, 'അവർക്ക് വായിൽ ഒററ പല്ലുപോലും ഉണ്ടായിരിക്കയില്ല.'

മഹദ്വചനങ്ങൾ

ജോസ് മുട്ടംതടവയൽ

എല്ലാവരും പറയുന്നതു ശ്രദ്ധിക്കുക; എന്നാൽ ശരിയെന്തോ അതു മാത്രം ചെയ്യുക.

– മഹാത്മാഗാന്ധി

X X X

കൂടിക്കാഴ്ചകൾക്ക ഭയപ്പെടുകയോ, ഭയന്നിട്ടു കൂടിക്കാഴ്ചകൾ നടത്തുകയോ ചെയ്യരുതു്.

– ജോൺ ഫിററ്സ് കെന്നഡി

X X X

ലോകത്തിൽ ഭയപ്പെടാനുള്ള ഒരേ ഒരു സംഗതി ഭയമാണ്.

X X X

ലോകശ്രദ്ധയെ എത്ര തന്നെ ആകർഷിക്കാത്ത പ്രവൃത്തിയായാലും ശരി, ആവശ്യമുള്ളവർക്ക സഹായം ചെയ്തുകൊടുക്കുക; അതാണ വേണ്ടതു്.

– ഷെപാററ്ബർ

X X X

എന്തിനാണതു കെട്ടിയിരിക്കുന്നതെന്നറിയാതെ ഒരു വേലി പൊളിച്ചുകളയരുതു്

– റോബർട്ട് ഫ്രോസ്റ്റ്

ചിരിക്കാൻ

(ടി. എ. ജോസഫ്, പുളിംകുന്നു)

യുദ്ധത്തിൽ കാലുമുറിഞ്ഞു കരയുന്ന ഒരു ഭടനോട് കമാണ്ടർ പറഞ്ഞു:

'നീ ഒരു കാലു പോയിട്ട് ഇങ്ങനെ കരയുന്നു, ഇവന്റെ തല പോയിട്ടു മിണ്ടാതെ കിടക്കുന്നതു കണ്ടില്ലേ?'

X X X

'തീ പിടിച്ച ആത്മാവ്' എന്ന നാടകം തീർന്നിട്ടും ഇറങ്ങിപ്പോകാതെ അവിടെ തന്നെ ഇരുന്ന ഒരുവനോട് മാനേജർ വിവരം അന്വേഷിച്ചു. അപ്പോൾ അയാൾ പറഞ്ഞു.

'നാടകം കഴിഞ്ഞിട്ടും തീ പിടിച്ച ആത്മാവിനെ കാണിച്ചില്ലല്ലോ അതുംകൂടി കണ്ടിട്ടു പോകുന്നുള്ളു.'

X Z Z

അദ്ധ്യാപകൻ (വിദ്യാർത്ഥിയുടെ പിതാവിനോട്) നമ്മുടെ ഗോപിയോട് മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്നതാരാണെന്നു ചോദിച്ചപ്പോൾ അവനല്ലെന്നു പറഞ്ഞു.

പിതാവ്: അവനല്ലെന്നു പറഞ്ഞാൽ സാർ! അവനായിരിക്കും, അവനതിനപ്പുറവും ചെയ്യുന്നവനാ.

X Z X

ഒരുവൾ തന്റെ കൂട്ടുകാരിയോട്:–നീയല്ലേ പറഞ്ഞതു തെക്കേതിലെ മോളിടെ ഭർത്താവു ബി. എ. ക്കാരനാണെന്നു്. ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു പുളിംകുന്നു കാരനാണെന്നു്.

X X X

അദ്ധ്യാപകൻ: 'മഴവന്നു' ഏതു കാലം പറയൂ

ജോസ്: 'തണുപ്പുകാലം.'

....o....

പറുദീസ

നാടകം (രംഗം 7)

(ബീരാന്റെ ചായക്കടയാണ് ദൃശ്യം. രംഗത്ത് ആരും തന്നെയില്ല. അണിയറയിൽ നിന്നും നബീസയുടെ സുന്ദരമായ ഒരു ഗാനം കേൾക്കാം. നിമിഷങ്ങൾ കഴിയുമ്പോൾ ബീരാൻ പുറത്തു നിന്നും പ്രവേശിക്കുന്നു. ഗാനത്തിൽ ശ്രദ്ധിച്ച നിർവൃതികൊണ്ടു നിൽക്കുന്നു. മാമ്മച്ചൻ പ്രവേശിക്കുന്നു....)

മാ: (പരിഭ്രമത്തോടെ) ബീരാനേ....

ബീ: (ബീരാൻ തിരിഞ്ഞുനോക്കുന്നു തോമാമ്മച്ചനെ കണ്ടിട്ട് ആദരവോടെ) ഹല്ല മൊയ്ലാളിയോ....എന്തേന്ന് ഇരു ബായിക്കൊക്കെ....?

മാ: നമ്മുടെ സ്റ്റീഫനെ ഒന്നുകാണാനിറങ്ങിയതാണ്. വീട്ടിൽ ചെന്നപ്പോൾ നിങ്ങളെല്ലാവരും കൂടെയാണിറങ്ങിയതെന്നു പറഞ്ഞു....

ബീ: ഞങ്ങള് ഒന്നിച്ചാണ് ഇബടന്ന് എറങ്ങിയെ....നമ്മടെ ആ പാലത്തിന്റെ പ്ലാറ്റ്ഫോമ് കഴിയാറായപ്പോ ഒരു പൊരുപ്പിക്കാൻ ഫലാക്കിന്റെ ഏതാണ്ടോ കെല്ലാമ്പോരണന്ന കേട്ടിട്ടാ അറിയതാ നേരം കൂരുള കാരണം തോമാസച്ചൻ എന്നെ പറഞ്ഞയച്ച്....അവര് അങ്ങോട്ടുപോയെക്കണ്....(ബെഞ്ച് ചൂണ്ടിക്കാണിച്ചിട്ട്) ഇമായ ലമ്ഫിരി ഇരി....

മാ: വേണ്ട ബീരാനെ ഞാൻ ഇരിക്കുന്നില്ല. (പോകാൻ ഭാവിച്ചുകൊണ്ട്) ഞാനും കൂടെ അങ്ങോട്ടു ചെല്ലാം....

ബീ: മൊയ്ലാളി പോകണ്ട....

മാ: അതെന്താ? (തിരിഞ്ഞുനിന്നു)

ബീ: മൊയ്ലാളിക്ക് സർക്കാരിന്റെ കണ്ട്രാക്ക് ഒള്ളതല്ലേ....അപ്പ സർക്കാരിനെ എതിർക്കണോരിടെ കൂടെ കൂടിയാലോ....പോരാത്തേന് ഇപ്പം അണകെട്ടാനൊള്ള കണ്ട്രാക്കും എടുത്തേക്കണ്....

മാ: അണകെട്ടാനുള്ള കണ്ട്രാക്ട് ഞാൻ ഉപേക്ഷിച്ചു ബീരാനേ....

ബീ: (അത്ഭുതത്തോടെ) നേരോ....?

മാ: അതേ പിന്നെ സർക്കാരിനെ എതിർക്കുന്ന കാര്യം.... സർക്കാരിന്റെ കൺട്രാക്ട് എടുത്തിട്ടുണ്ടെന്നുള്ളതുകൊണ്ട് എനിക്ക് സർക്കാരിന്റെ തെറ്റുകളെ എതിർക്കാൻ പാടില്ലെന്നു വരുന്നതു കഷ്ടമല്ലേ....

ബീ: ബീരാൻ നാട്ടുനടപ്പ പറഞ്ഞതാ....

മാ: എനിക്ക മനസ്സിലായി....കേട്ടോ ബീരാനെ അദ്ധ്വാനത്തിന്റെ കഠിനവും എന്താണെന്നറിയാവുന്നവനാണു ഞാൻ. പട്ടിണിയുടെ ഭയാനകത എത്രത്തോളമുണ്ടെന്നനുഭവിച്ചറിഞ്ഞിട്ടുള്ള വനാണു ഞാൻ....അതുകൊണ്ട്....അതുകൊണ്ട് ഞാൻ എപ്പോഴും അദ്ധ്വാനിക്കുന്നവരുടെ കൂടെ നിൽക്കാനാഗ്രഹിക്കുന്നു പട്ടിണിക്കാരുടെ കൂടെ നിൽക്കാനാഗ്രഹിക്കുന്നു....

ബീ: പടച്ചോൻ മൊയ്ലാളിക്കു ഗുണം ചെയ്യും....

മാ: ങ് ആ കേട്ടോ ബീരാനെ ഞാൻ സ്റ്റീഫനെക്കൊണ്ട് ആലീസുകുട്ടിയെ വിവാഹം കഴിപ്പിക്കാൻ പോവുകയാണ്.

ബീ: (ബീരാൻ മിണ്ടുന്നില്ല അനങ്ങുന്നില്ല സ്തംഭിച്ച് വായും പൊളിച്ചുനിൽക്കുകയാണ്)

മാ: സ്റ്റീഫന് ആലീസുകുട്ടിയെ ഇഷ്ടപ്പെടുമെന്നോ, സ്റ്റീഫന് ഇഷ്ടപ്പെട്ടാൽത്തന്നെ പാപ്പച്ചൻസാർ അതിനു സമ്മതിക്കുമെന്നോ ഒന്നും എനിക്കറിഞ്ഞുകൂടാ.... പക്ഷെ ആലീസുകുട്ടിക്ക സ്റ്റീഫനെ ഇഷ്ടമാണ്....എനിക്കതിനു സമ്മതവുമാണ്....

ബീ: (ബീരാന്റെ നിലയ്ക്കുമാററമൊന്നുമില്ല.)

മാ: [ബീരാന്റെ നില മനസ്സിലാക്കാതെ തുടരുകയാണ്] സ്റ്റീഫനും ആലീസുകുട്ടിയുമായുള്ള വിവാഹം കഴിഞ്ഞ് പുതുമയെല്ലാം അവരെയേൽപ്പിച്ചിട്ട് എനിക്കൊന്നു വിശ്രമിക്കണം. ദൈവം അതിനുവേഗത്തിൽ ഇടയാക്കിയി— (ബീരാനെ ശ്രദ്ധിക്കുന്നു) ബീരാനെ, ഏയ് ബീരാനെ.

ബീ: (ഉറക്കത്തിൽനിന്നു ഉണർന്നവനെപ്പോലെ) ഹ. ഹെന്നാ. ബിളിച്ചോ?

മാ: ഉവ്വ്. വിളിച്ചു. ബീരാനെന്താണ് ഇങ്ങനെ ഉറങ്ങിപ്പോയോ....?

ബീ: ഒറങ്ങീല്ല. കണ്ണും മിഴിച്ച് നിക്കേന്ന്....(മാമ്മച്ചന്റെ നേരെ കൈനീട്ടി കാണിച്ചിട്ട്) മൊയ്ലാളി ഒന്നു നുള്ളിക്കെ.

മാ: ങ് ഉം എന്തിനാണ ബീരാനെ?

ബീ: ബീരാനിപ്പഴും മയ്യത്താകാതെ കണ്ടുനാക്കേണെന്നറിയാൻ.

ബീ: ബീരാൻ മയ്യത്തായി സുബർക്കത്തിച്ചെന്നാപ്പോലും കേക്കാനൊക്കാത്ത കാരിയമല്ലേ മൊയ്ലാളി ഇപ്പോ പറഞ്ഞെ. അതാണ്....

മാ: ങ് ആഹാ. അതുശരി.

ബീ: (സന്തോഷത്തോടെ) കേട്ടോ മൊയ്ലാളീ ബീരാനിക്ക് സന്തോഷം കൂടിപ്പോയാ കണ്ണുകാണാതെപോലാ....നാചവും കേക്കേല....

മാ: (പൊട്ടിച്ചിരിച്ചിട്ട്) അതു നല്ല രോഗമാണല്ലോ. [നടന്നുകൊണ്ട്] എന്നാൽ ഞാൻ അവരുടെ അടുത്തേക്ക ചെല്ലട്ടെ,

ബീ: മരുമോനെ കാണാഞ്ഞിട്ട് ഒരു സമാധാനോമില്ല — അല്ലേ....?

മാ: [തിരിഞ്ഞുനിന്നിട്ട്] എനിക്ക മക്കളില്ല. ഉള്ളത് ഒന്നേ പിടിച്ചൊരു മകളാണ്. അവളുടെ കണ്ണുനനയാതെ സൂക്ഷിക്കുകയാണെന്റെ ലക്ഷ്യം. ബീരാനു് അസീസ് എന്നൊരു മകനുണ്ടായിരുന്നില്ലെങ്കിൽ നബീസയുടെ പുതിയാപ്ലയുടെ കാര്യത്തിൽ ബീരാനും ഇതുപോലെ പരിഭ്രമം കാണിക്കുമായിരുന്നു.

ബീ: (മാപ്പു പറയുന്ന മട്ടിൽ) ബീരാൻ സന്തോഷംകൊണ്ട് കളിസമാശ പറഞ്ഞതല്ലെ — ഇബിടെക്കുല്ല....അല്ലെ മൊയ്ലാളീന്റെ കൂടെ ബീരാനും ബന്നേനെ.

മാ: നബീസ തനിച്ചല്ലേയുള്ളു. ബീരാൻ വരണ്ട...ഞാൻ പൊയ്ക്കോള്ളാം. (തിടുക്കത്തിൽ പോകുന്നു)

ബീ: (ആഹ്ലാദത്തിമർപ്പോടെ അകത്തേക്ക് തിരിഞ്ഞ്) മോളെ നബീസ.

അകത്തുനിന്നും നബീസയുടെ ശബ്ദം: എന്താണ ബാപ്പാ?

ബീ: ബെവരം കേട്ടോ...സ്റ്റീപ്പനും ആലീസു കുട്ടീം തമ്മീ കെട്ടാമ്പോണ്—

നി: ഞാൻ കേട്ട ബാപ്പാ....

ബീ: മോള് ബേഗം ഒരു കോയീനെ ക്കൊന്നു ബിരിയാണി ബെയ്യ്....

നി: ങ് ആ ബാപ്പാ....

(ബീരാൻ ഒരു മാപ്പിളപ്പാട്ട് പാടുകെ മൂളുന്നു....ക്രമേണ ബീരാൻ പരിസരം മറന്നു കൂടുതൽ കൂടുതൽ ഉച്ചത്തിൽ പാടുന്നു. കമ്പവുണ്ടർ തോമസ് പ്രവേശിച്ച് പാട്ടുകേട്ട താളംപിടിച്ചു നിൽക്കുന്നു. പാട്ടു തീരുമ്പോൾ)

തോ: വണ്ടർഫുൾ....വണ്ടർഫുൾ.

ബീ: (തിരിഞ്ഞുനോക്കി.) ബലേ ബല്ലേ ബന്നുവോ പിന്നേം മന്ത്രിസേന്റെ സമേൻ മെനക്കെടുത്താൻ....

തോ: അപ്പോഴേ മിസ്റ്റർ ബീരാൻ എനിക്കൊരു കൊസ്റ്റ്യൻ ചോദിക്കണം....

ബീ: എന്താണെന്നാ....?

തോ: കൊസ്റ്റ്യൻ....കൊസ്റ്റ്യൻ ചോദ്യം....

ബീ: ശോദ്യമോ....? എന്തിന്!

തോ: ആസ്പത്രീലാണോ കണ്ടീട്ടുള്ളതു താനെന്താണ് ഠൺ ചെയ്തേ....?

മാത്യു മററം

ബീ: എന്തുചെയ്യുന്നാ....?

തോ: ഠൺ ചെയ്യുന്ന് ....

ബീ: [അത്ഭുതത്തോടെ] എന്നു ബെല്ലാ....?

തോ: കാളിയതെന്ന്....

ബീ: എടാ മാപ്പ്ളെ ഒന്നിപ്പോ താൻ തന്റെ ഹലാക്കിന്റെ മുറി ഇങ്കിരിയസു നിറുത്ത്—അല്ലങ്കി താനിങ്ങോട്ടു കയ്യഞ്ചോരണ്ടിരി....ഞങ്ങളട എഴുത്തു പള്ളിക്കൊടത്തിന്റെ തിണ്ണമ്മേല് മയേത്തുപോലും കേറി നിന്നിട്ടില്ല....തിരിഞ്ഞോ....?

ബീ: ഹമുക്കിന് എന്തുതിരിഞ്ഞാന്നാ —

തോ: മിസ്റ്റർ ബീരാനു കഠചരന്ന പറേണതു തെറ്റുതിരിച്ചിട്ടില്ലെന്ന്.... ഞാൻ വാർപ്പണ്ടീലായിരുന്നപ്പം ഒരു ജെർമ്മൻകാരനെനിക്കുണ്ടു. അവൻ ബീരാന്റെ യങ്ങർ ബ്രദറിനെപ്പോലെയായിരുന്നു.

ബീ: ആരെപ്പോലെയുണ്ടായിരുന്നെന്നാണ് ...?

തോ: യങ്ങർ ബ്രദർ....അനിയൻ —

ബീ: അയിന് ബീരാന്റെ ബാപ്പാ ജെർമ്മന്റെ രാജ്യത്തിലുപോയിട്ടില്ലല്ലോ. (ദേഷ്യത്തിൽ) ഹമുക്കെ ഒന്നു പോണൊണ്ടാ എന്റെ ബായീന്നു നല്ലത് കേക്കാണ്....(പെട്ടന്ന് സ്വരം മയപ്പെടുത്തി) കമ്പോണ്ടറിബിസേസം അറിഞ്ഞോ...?

തോ: എന്താണ്?

ബീ. കല്യാണം.

തോ: മാരിയേജ്.

ബീ: അല്ല തന്റെ തല.

തോ: ആർക്കാ ബീരാനാണോ....?

ബീ: കമ്പോണ്ടറിക്ക്....തന്റെ തലേലെ ആണി മുയുവേനും വാറിന്റെ പ്രണ്ടില്ലേ കയ്യന്നാ തോന്നണെ....എടോ മാപ്പിള കല്യാണം....സ്റ്റീപ്പനും ആലീസുകുട്ടിക്കും ...

തോ: ഇമ്പോസിബിൾ.

ബീ: ങ് ആ അങ്ങേനേന്നു നടക്കാമ്പോണെ.

തോ: ബീരാൻ പറേണ ഭൂവാണ്.

ബീ: ഞാനങ്ങനെ പറേണ് പടിവില്ലല്ലോ...പള്ളി പറേണതു താനല്ലേ.... മാമ്മച്ചമ്മൊതലാളി ഇപ്പം പറഞ്ഞേച്ചും അങ്ങോട്ട് പോയതെ ഉള്ളൂ.

തോ: അപ്പം കാര്യം ഭൂ ആണല്ലാ

ബീ: അല്ലേലോ മാപ്പ്ളെ ഇത് ഒടനെ നടക്കും....രാജാക്കന്മാരും മന്ത്രിമാരും എല്ലാം ബരും.

തോ: (നിസ്സാരഭാവത്തിൽ) രാജാക്കന്മാരൊക്കെ ഡെത്തായിപ്പോയി....ഇപ്പം ഒള്ളത് പ്ലേകാർഡിലെ ചൊറാത്താ.... പിന്നെ മന്ത്രിമാരിടെ കാര്യം....അവരുടെ കാര്യം വെറും സില്ലിമാറ്ററല്ലേ ...?

ബീ: എന്നുബെച്ചാ ...?

തോ: അവരും നിസ്സാരകാര്യമെന്ന്.

ബീ: കമ്പോണ്ടറിക്കെ അറുക്കളെ അട്ടിയിട്ടു ബെച്ചിട്ടൊണ്ടാകും മന്ത്രിമാര....

തോ: മിസ്റ്റർ ബീരാൻ എന്തറിഞ്ഞാണ് സ്റ്റിച്ചു ചെയ്യുന്നത്. നമ്മുടെ ഗാന്ധി മരിച്ച ദിവസം. ഞാനന്നു ഡെൽഹി വിസിറ്റിങ്ങിലായിരുന്നു....ഫ്യൂണറലിന് എല്ലാവരും പോണ്

ബീ: എന്തിനു ?

തോ: ഫ്യൂണറൽ ശവസംസ്കാരം —

ബീ: ആരിടെ .... കമ്പോ ആരിടെ ബാപ്പാന്റെയ....?

തോ: ഗാന്ധീടെ ...എനിക്ക പോകാതിരിക്കാൻ പറ്റാമോ — ക്യാപ്റ്റൻ സ്പെഷ്യലായിട്ടയച്ചതാ ഒയ്യും ഓവാറായി....ഞാൻ മോട്ടാർ സൈക്കിളെടുത്തു സ്റ്റാർട്ടു ചെയ്തു...(കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട്) ഒരു ട്രെയിനിങ്ങോട്ടു കഴിഞ്ഞപ്പം തേ നിക്കണ്....

ബീ: ആര് — ?

തോ: (ബീരാന്റെ ചോദ്യം ശ്രദ്ധിക്കാതെ) നല്ല മഴ....കോട്ടയില്ല....ബസു കാത്തുനിക്കാഞ്ഞ്....

ബീ: ആരാടോ മാപ്പ്ള....?

തോ: (ബീരാന്റെ ചോദ്യം ശ്രദ്ധിച്ചിട്ടില്ല) ഞാൻ സഡനായിട്ടു ബ്രേക്കു പിടിച്ചു. ക്യത്യമായിട്ടു മുമ്പിച്ചെന്നുനിന്നു....എന്നിട്ടു പറഞ്ഞ് ബാക്കി കേറിക്കോളാൻ (കാര്യമായിട്ട്) ആരോടാണ് പറഞ്ഞെ ?

ബീ: ഞാനെങ്ങനെ അറിയാനാണ് ആരോടാ പറഞ്ഞെ ?

തോ: പ്രയിം മിനിസ്റ്ററോട് —

ബീ: പ്രയിം മിനിഷ്ടരാ ?

തോ: ങ് ആ നെഹറു —

ബീ: (തോമസിനെ സമീപിച്ച്) എയ്യുന്നേൽക്കെടോ മാപ്പ്ള....

തോ: (കാര്യം മനസ്സിലാകാതെ) വാട്ട്....?

ബീ: നെന്റെ തല....എയ്യുന്നേക്കാൻ....താനിരിക്കണേടം കയിഞ്ഞുപോകും....എയ്യുന്നേക്കാൻ....

(പെട്ടന്ന് ജെയിംസ് പ്രവേശിക്കുന്നു പഴയ താടിയും മീശയും ഇപ്പോഴില്ല. കാഴ്ചയിൽ ബുദ്ധിക്ക തകരാറുള്ളവനാണെന്നും തോന്നുകില്ല....)

ജെ: അയാൾ അവിടെ ഇരിക്കട്ടെ ബീരാനെ .... കഠചന്ദ്രനെല്ലാമൊകെ തട്ടിവിട്ടിട്ടു പൊയ്ക്കോള്ളട്ടെ....

ബീ: (ജെയിംസിനെ സമീപിച്ചിട്ട്) അല്ല ജയിമീസുകുഞ്ഞെ ഓൻ പറയേണ് നമ്മടെ നെഹറൂനെ (കൈകളും ദൃഷ്ടികളും ആകാശത്തിലേയ്ക്കുയർത്തി ഭക്തിപൂർവ്വം) അങ്ങേരു മയ്യത്തായി അന്നു സുബഹിക്കാത്തിലിരിപ്പൊണ്ട്....ഓൻ മോട്ടോർസൈക്കിളിമ്മേക്കേററി കാളിച്ചിട്ടൊണ്ടെന്നു. (പരിഹാസപൂർവ്വം) ഓന്റെ ഒരു ബെഹ്ഹ്വായി....ഡോ മാപ്പ്ള താൻ മയ്യത്തായാ ചീയ്യൂല്ല....

തോ: [ബീരാന്റെ പരിഹാസം മാററുന്നതിനുവേണ്ടി ജയിംസിനോട്] എങ്ങനെയാണ് മിസ്റ്റർ ജയിംസ്!....ഡിസീസൊക്കെ മാറിയോ....? മെമ്മറി പഴയതുപോലെ....?

ജെ: കൊള്ളാം....ഒക്കെ ശരിയായിവരുന്നു....ഡാക്ടർ രാമചന്ദ്രൻ ചികിത്സിച്ചാൽ ഭേദമാകാത്ത രോഗമെന്തിരിക്കുന്നു....?

തോ: ഡോക്ടറുടെ മാത്രം എബിലിറ്റിയല്ല.

ജെ: പിന്നെ....?

തോ: കമ്പൗണ്ടർക്കും അതിലൊരു പോഷനു റയിറെററാണ്ട്.

ബീ: [ജയിംസിനോട്] കുഞ്ഞ പറഞ്ഞതു നമുക്ക് തിരിഞ്ഞ് [തോമസിനെ ചൂണ്ടി] ഓൻ പറഞ്ഞതു തിരിഞ്ഞില്ല. ഓൻ പറഞ്ഞു മന്ത്രിസ്സമ്മാരിടെ ബാഷേല്ല....

ജെ: ഡാക്ടർ രാമചന്ദ്രന്റെ ചികിത്സകൊണ്ടു മാത്രമല്ല എന്റെ അസുഖം മാറിയതെന്ന്.

ബീ: പിന്നെ എന്തുകൊണ്ടാണപ്പാ....?

ജെ: കമ്പൗണ്ടരുടെ ചികിത്സകൊണ്ടുകൂടെയാണെന്ന്.

ബീ: [ഹാസ്യമായി] പെരുത്തുശേലായി....ഓന്റെ ചികിത്സ ഓന്റെ വർത്താനേട്ടിട്ട മന്ത്രിസേമ്മാരു മയ്യത്താകുന്നതു് രാമചന്ദ്രൻസാറിന്റെ കൈപുണ്യം കൊണ്ടാ (ജയിംസിനോട്) പിന്നെ ജയിമീസുകുഞ്ഞിനു ബിസേസം ഒന്നുമില്ലല്ലോ ഇല്ലേ?

ജെ: വിശേഷിച്ചൊന്നുമില്ല പക്ഷെ കുറച്ചുനാൾ കൂടെ സൂക്ഷിക്കണമെന്നാണ് ഡാക്ടർസാർ പറഞ്ഞിരിക്കുന്നത്. കൂടുതൽ ആലോചിക്കരുതെന്നും സങ്കടകരങ്ങളായ കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യരുതെന്നുമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്....

ബീ: അങ്ങനെ ക്കാണ്ടായാലാ കുഞ്ഞെ?

തോമ: ഡെയിഞ്ചർ..

ബീ: (ഗൗരവത്തിൽ) ഹമുക്കെ മുണ്ടാണ്ടിരി...

ജെ: ഞാൻ പിന്നെയും ഭ്രാന്തനായി തീരുമെന്ന്...(ദയനീയമായ ശബ്ദത്തിൽ) ഒക്കെ ദൈവത്തിന്റെ കൈയ്യിലാണ്...

ബീ: ഒന്നും സാരോല്ലകുഞ്ഞെ...പടശോൻ സഹായിച്ച് എല്ലാം നേരെയാകും.

തോ:: (മുറിപ്പിച്ച്) ഇമ്പോസിബിൾ...

ബീ: (ഗൗരവത്തിൽ) ആനേന്റെ മൊട്ട....(പെട്ടന്ന് ഒരു സൈക്കിൾ ഉന്തിക്കൊണ്ട് ഒരു കാക്കിവേഷധാരി പ്രവേശിക്കുന്നു)

തോ: മണിയോർകൊണ്ടു ഒന്നൊററിലാണോ പോസ്റ്റുമാൻമാരു നടക്കണ്ടത് —

കാക്കിവേഷധാരി: [ബുക്കിൽനിന്നും ഒരു കവറും ഒരു കടലാസും എടുത്തിട്ട്] ആരാണ് മിസ്റ്റർ ബീരാൻ ?

ബീ: (സന്തോഷത്തോടെ) മമ്മത് ബീരാൻ ഞാനാണ്.

തോ: (ആരോടെന്നില്ലാതെ) ഇതു മണിയല്ല വസ്തു

ജെ: വയ്യേ....?

തോ: അതല്ലേ....

ബീ: (കവർ പോസ്റ്റിൽ ഒപ്പിട്ടു കവർ വാങ്ങി തോമസിന്റെ നേരെ നീട്ടിക്കൊണ്ട്) വായിച്ചാ പ്രണ്ടിന്നു പോന്ന കമ്പോണ്ടരുതോന്നവായീത്....ഇതുവളഞ്ഞയ്യമാ....ട്രസ് ബി—ഒന്നായിരിക്കും ...

തോ: (തോമസ് കവർ വാങ്ങി പൊട്ടിച്ചു കടലാസു തിരിച്ചും മറിച്ചും നോക്കുന്നു...അപ്പോൾക്ക് അതുവായിക്കാനറിഞ്ഞുകൂട, പക്ഷെ അതു പുറത്തു പറയാൻ പാററില്ലല്ലോ)

ബീ: (ആകാംക്ഷയോടെ) ഒന്നുവായിക്ക് എന്റെ കമ്പോണ്ടരെ....ഒന്നെന്നു വരും.. എപ്പവരും..?

തോ: (കടലാസു മറിച്ചും തിരിച്ചും നോക്കുകയാണ് പിന്നെയും)

ബീ: താനെന്താണെന്നെ മാപ്പ്ള കടലാസുമ്മേ നോക്കിക്കൊണ്ടു നച്ചത്രം എണ്ണണ്...?

തോ: ഇതിലെ ലെറേറഴ്സ് തിരിയണില്ല. ഇത് അസീസിന്റെയാ... അസീസു സ്റ്റാർട്ടുചെയ്തിട്ടുണ്ടെന്നാ...

ബീ:— (ആഹ്ലാദഭരിതനായി) പടശ്ശോൻ കാത്തു.....[അകത്തേയ്ക്കുതിരിഞ്ഞ്] മോളെ നബീസാ —

ന:— എന്താണ ബാപ്പാ —

ബീ:— നമ്മടെ അസീസു ബന്നോണ്ടെന്ന്....നെന്റെ ചൊന്നാങ്ങള ബന്നോണ്ടെന്ന്....(തോമസിന്റെ നേരെ തിരിഞ്ഞ്) അത്രേംമാത്രേ അമ്മമേ എയിതീട്ടൊള്ളോ....?

തോ:— എഴുത്തുകള പിന്നേം പ്രൻറി കണ്ടു....

ബീ:— അതുംകൂടെ ഒന്നു ബായിച്ച് അത്രം പറഞ്ഞതാ എന്റെ പൊന്നങ്ങാടത്ത കമ്പോണ്ടരെ....

തോ:— അതു പോസ്റ്റൽ ഡിപ്പാർട്ടുമെൻറുകാക്കൊള്ളതാ....

ബീ:— (സന്തോഷത്തോടെ) ഓൻ ജെവനോടെ —ഓൻ വന്ന കാരിയം അവരേം ഓൻ അറീച്ചിട്ടൊണ്ട് ഇല്ലേ....?

തോ:— ങ് ആ....

ജെ:— [തോമസിനോട്] ആ കടലാസൊന്നു തരു....

തോ:— (ധൃതിപ്പെട്ടു) ഞാൻ റീഡു ചെയ്തതിൽ കൂടുതൽ ഇതിലൊന്നുമില്ല — ഹോ ഒരു വായനക്കാരൻ വന്നിരിക്കുന്നു....

ബീ:— എന്റെ കമ്പോണ്ടരെ തന്നെ പടശ്ശോനാ ഈ നേരത്ത് ഇബിടെ കൊണ്ടുവന്നെ....അല്ല നമ്മള ച്ചാരി പ്പോയേനെ ഈ വളഞ്ഞക്ഷരത്തിന്റെ പൊരുളുതിരിക്കാൻ....തനിക്ക് ഞമ്മടെ പേരിക്ക് നാളെ ഒരു പെശല് ചായയാണ്ട്....

ജെ:— [സ്വരംമാററി] ആ കടലാസിങ്ങോട്ടു തരാൻ....

തോ:— അല്ലെങ്കിൽ — ?

ജെ:— ഞാൻ വാങ്ങിക്കും....

തോ: തനിക്കിങ്ലീഷറിയാവോ —?

അതു താനറിയേണ്ട....[കൂടുതൽ ഗൗരവത്തിൽ] കടലാസു തരാനാണ പറഞ്ഞത്....

ബീ:— (തോമസിനോട്) അങ്ങോട്ടു കൊടു കമ്പോണ്ടരെ....

തോ; (പിറുപിറുത്തുകൊണ്ട് കടലാസുകൊടുക്കുന്നു] ഒരു നാടൻ സായിപ്പു വന്നിരിക്കുന്നു

ജെ:— [കടലാസു വാങ്ങി വായിക്കുന്നു. അയാളുടെ മുഖം വല്ലാതാകുന്നു. ബീരാൻ അതു ശ്രദ്ധിക്കുന്നു)

ബീ: (പരിഭ്രമത്തോടെ) എന്താണ ജെയിമീസുകുഞ്ഞെ....?

ജെ: (ഹൃദയഭേദകമായ രീതിയിൽ) ബീരാനെ....;

ബീ: (പരിഭ്രമത്തോടെ) എന്താണ കുഞ്ഞെ....?

ജെ: (തേങ്ങിക്കൊണ്ട്) അസീസ്... അസീസ്....

ബീ: അസീസിനെന്താണ കുഞ്ഞെ?

ജെ: അസീസിനി വരില്ല....ഒരിക്കലും വരില്ല....

ബീ: [ഹൃദയം തകർന്ന] ഹാ എള്ളോ.. ശരിച്ചോ. (തോമസ് പതുക്കെ സ്ഥലം വിട്ടു]

ജെ: വേറെ ഇരുപത്തിരണ്ടു പേരോടൊപ്പം അസീസും മരിച്ചെന്ന്....

ബീ: (പൊട്ടിക്കരയുന്നു) എന്റെ മോൻ എന്റെ മോൻ..പോയി....[ബോധഹീനനായി നിലംപതിക്കുന്നു ജെയിംസിന്റെ മുഖം വികൃതമാകുന്നു തലമുടി വലിച്ചുപറിക്കുന്നു. ഭീകരമായ രീതിയിൽ പൊട്ടിച്ചിരിക്കുന്നു]

തോ: [ഉച്ചത്തിൽ] അസീസ്....അസീസ് പോയി....ബീരാന്റെ പൊന്നുമോൻ അസീസു പോയി....ബാബുമോനെ നിന്നെക്കൊണ്ടു കൂട്ടുകാരനെക്കൂടെ കിട്ടി ഇല്ലേ....? [കൂടുതൽ ഉച്ചത്തിൽ] മോനെ ബാബുമോനേ....ഞാനും....ഞാനും വരാമെടാ....[കരിച്ചോടുന്നു. യവനിക താഴുന്നു. അണിയറയിൽ നബീസയുടെ പൊട്ടിക്കരച്ചിൽ കേൾക്കാം. ഹൃദയഭേദകമായ രീതിയിൽ]

—കർട്ടൻ— [ശുഭം]

സിസ്റ്റർ മേരി ബനീഞ്ജാ

[6-ാം പേജിൽനിന്നും തുടർച്ച]

ഡോക്ടർ പി. ജെ. തോമസ് നസ്രാണിദീപികയിൽ ഇങ്ങനെ എഴുതി. "Miss Mary is the Alice Meynel of Malayalam literature, and likel Mrs Meynell she is preeminently the product of catholicism, a religion which alone could have produced a Donte or a Francis Assissi...."

മാതൃകയ്ക്കു ചില ശ്ലോകങ്ങളിതാ

'സമ്പൂർണ്ണനാകിലുമിവൻനിജവേലവിട്ടി
ട്ടിമ്പത്തിനൊത്തു ചെറുമേകളിയാടകില്ല;
മുമ്പേ മുതൽക്കിയിവനുള്ളൊരലച്ചിലിന്നോ
സമ്പാദ്യമേറെയുമൊ കുറവില്ലതെല്ലും.'
(വേമ്പനാടൻ)

"നീലപ്പട്ടുവിരിച്ചതിന്റെ നടുവിൽ
ഗ്യാസ്ലൈറ്റുവെളിച്ചയും
ചേലേറുന്നൊരു രത്നമാലമകമേ
ചുററും വിതച്ചിട്ടപോൽ
ചേലഞ്ചുന്നൊരു ചന്ദ്രനെയുമതുപോൽ,
നക്ഷത്രജാലത്തെയും
താലോലിച്ചുവഹിച്ചുകൊണ്ടുവിലസീ—
ടുന്നു നഭോമണ്ഡലം"
(ഇതല്ലേ കാണേണ്ടതു്!)

"ഏകപുത്രനനന്തമാം പ്രണമേററ
ദേഹിവെടിഞ്ഞഹോ
ലോകമാകവേ ഭീതിയാർന്നു വിറ—
ച്ചിരുന്നൊരു രാത്രിയിൽ
ഏകയായ് മകനെ നിനച്ചു മനം
തകർന്നുകരഞ്ഞു കൊ
ണ്ടാകുലാബ്ധിയിലാണ്ടുവാണൊരു
നായികേ പരിപാഹിമാം"
(ഒരു പ്രാർത്ഥന)

"ഞാനെന്നെന്നാത്മകാന്തനരികിലുമവിടെ
ന്നെന്നിലും വാണനേരം—
താനന്ദാധിക്യമുണ്ടായതിനുമുടയവി—
ല്ലോതുവാൻ വാക്കൊപോരാ;
സ്ഥാനം ഞാൻ വിട്ടതില്ലെന്നവയവമിളകി
ലെങ്കിലും തന്നിലന്നു
ഞാനെന്നെക്കണ്ടതപ്പോളിരുവരുമൊന്നുമ
ട്ടേകമായി വിധത്തിൽ
(ഒരു സന്യാസിയുടെ ഏകാന്തം)

പൂവ്വാശയാം മങ്കമുഖം തെളിച്ച
പൂന്തേൻ തൊഴും പുഞ്ചിരി തൂകിടുന്ന,
'പൂമങ്ക'സിംഹാസനമേറിയപ്പോൾ
പൂവേണിമാർ വഞ്ചിയിലെന്നപോലെ.
ചെന്തീനിറം ചേർന്നൊരു പട്ടുവസ്ത്രം
ചാർത്തുന്നിതാ മേദിനിയാം വധൂടി
ചെമ്മേ മണാളന്റെ സമാഗമത്തിൽ
ചമഞ്ഞു നിൽക്കും സതിയെന്നപോലെ
(വിഭാത വിഭൂതി)

കവിതാരാമം

ശ്രീമതി മേരി ജോൺ തോട്ടത്തിന്റെ പ്രസിദ്ധീകൃതമായ രണ്ടാമത്തെ കവിതാസമാഹാരമാണ് "കവിതാരാമം" തോട്ടത്തിന്റെ കൃതികളിൽ ഏററവും കൂടുതൽ പ്രചാരം ലഭിച്ചിട്ടുള്ളത് ഇതിനാണെന്നു തോന്നുന്നു. 25—ൽപരം പതിപ്പുകൾ ഇതിനകം ഈ കൃതിക്കുണ്ടായിട്ടുണ്ട്. പള്ളിത്താരാട്ട്, ആരാമത്തിലെ ആദ്ധ്യാത്മിക ചിന്ത, പ്രഭാവതി, അമിഷ്യനറിയുടെ അന്നത്തെ രാത്രി, പൈങ്കിളി, പഠിക്കേണ്ട പാഠം, ലോകമേയാത്ര, കരിശിനോട്, ഒരു ശിശുവിന്റെ പ്രാർത്ഥന, ഒരു ശരൽക്കാലവൃഷ്ടി, ഗുരുനാഥന്റെ ഉദ്ഘോഷം, വിജയത്തിന്റെ ദിവസം എന്നിങ്ങനെ പന്ത്രണ്ട് ഖണ്ഡകവിതകളാണ് ഈ സമാഹാരത്തിലുള്ളത്. ഇവയിൽ പൈങ്കിളി, പ്രഭാവതി, ലോകമേയാത്ര എന്നീ കൃതികളെപ്പററി ഇതിനു മുൻപു സന്ദർഭവശാൽ പ്രതിപാദിക്കേണ്ടിവന്നിട്ടുണ്ട്. മററു ചില കവിതകളിൽനിന്നും ചില പദ്യങ്ങൾ ഉദ്ധരിക്കാം.

"ഒരു വിത്തു മുളച്ചിടുമ്പോഴേ
പരമേശന്റെ പദാംബുജങ്ങളിൽ
ശരിയായി തലതാഴ്ത്തി വന്ദനം
വിരവോടങ്ങുകൾ കൂപ്പിടുന്നതേ
"വിരിയുന്നൊരു പൂക്കൾ നന്മണം,
ഒചാരിയും തുള്ളി, നല്ലൊരാനിറം,
ഇവയാൽ പരന്നു തുഷ്ടിചേ—
ർത്തരുളും ശാഖി പരോപകാരി താൻ"
(ആരാമത്തിലെ അദ്ധ്യാത്മചിന്ത)

"അധഃപതിച്ചുള്ളൊരു തിത്ത്വജാതിയാ—
ത്തരീവ ഖേദത്തോടു വാഴുമെന്നെ
സമാശ്വസിപ്പിച്ചതിനെന്നവണ്ണം
മന്ദാനിലൻ വന്നു തലോടി മെയ്യിൽ
"മെല്ലെത്തളിർത്തുരത്തൊരു ശാഖയോടെ
നിരന്നു നിൽക്കും ചെറുശാഖി വൃന്ദം
തുള്ളിക്കളിച്ചെന്നുടെ ചുററുമാമൽ
പൈതൽക്കലം താതനൊടെന്നവണ്ണം
"ഇടയ്ക്കിടെ പുല്ലു കടിച്ചുകൊണ്ടും
കിടാവിനെത്തന്നകിടോടു ചേർത്തും
എരുത്തിലിൻ നേർക്കു ഗമിച്ചിടുന്ന
ഗോവൃന്ദവും കാഴ്ചകമേററിയുള്ളിൽ!''
(അമിഷ്യനറിയുടെ അന്നത്തെരാത്രി)

"ഉളിയേന്തിടുമോ മനക്കിടാവിൻ
തളിരൊക്കും മൃദുമേനിയും വഹിച്ചാൽ
തളരുന്നൊരു മെയ്യിലും നിനക്കി—
വിളയാട്ടത്തിനു കൗതുകമില്ലതെല്ലും
ചെറുപൈതലിനന്തികത്തിലേററം
ചെറുതാമാകൃതി പൂണ്ടുനിയടക്കം
മുറപോൽ ശിശുവിന്റെ കൂടെനിയും
കാഴ്വച്ചേ വലുതായ് ഗമിരനാകം.
(കരിശുനാട്ട്)

"ചെറുകുട്ടികളെ പ്രിയമപ്പട—
ന്നൊരു കുഞ്ഞിണ്ണിയൂരങ്ങിടുന്നുവാ
അഥവാ മുറി പൂട്ടിയിട്ട താൻ
വെളിയിൽപ്പോയ് വിഹരിച്ചിട്ടുന്നുവോ
"ചെറുപൈതലിവൻ വിളിക്കവി—
വിളി കേൾക്കുന്നതിനെന്തുകാരണം.
മുറിയൊന്നു തുറക്കണേ; കനി—
ഞ്ഞൊരു സന്താപമുണത്തിടട്ടെ ഞാൻ.'
[ഒരു ശിശുവിന്റെ പ്രാർത്ഥന]

"അഞ്ചാറ താവലരി ചെകവശമങ്ങിരുന്നു—
തഞ്ചാതെ തുറ്റുതൊട്ടുവച്ചു കണിയാക്കി
നെഞ്ചകമേ വെന്തുരുകിട്ടും വ്യഥയൊട്ടു
തൂകി—
തേഞ്ചോന്നവാണിയവൾ കാന്തനുനൽകി വേഗം''
[ഗുരുനാഥന്റെ ഉദ്ഘോഷം]

"മേരിയുടെ നുത്തുമ്പലമായവിടെ
ബന്ധി—
ച്ചിരവളെ നിത്തി! ഗുരുഭക്തിയുടെ
ശക്തി—
നാരിയുടെ ചിത്തമൊരു താവമണത്താൽ
പേരവിടെയുന്നുമതു വീണിളകുകില്ല''
[വിജയത്തിന്റെ ദിവസം.]

ബാല്യകാല സ്മരണകൾ

ഉണ്ണീശോയുടെ ചെറുപുഷ്പം എന്ന പേരിൽ അറിയപ്പെടുന്ന വിശുദ്ധയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ ശൈശവകാല സ്മരണകൾ'' എന്ന കൃതിയുടെ ഉള്ളടക്കം. ലിസ്യൂമഠത്തിന്റെ അദ്ധ്യാപികയായിരുന്ന സ്വസഹോദരി പൗളീനോടു കൊച്ചുത്രേസ്യാ തന്നെ പറഞ്ഞുകേൾപ്പിക്കുന്ന തരത്തിലാണ് ഇതു ഗ്രഥിച്ചിരിക്കുന്നതു്. നാലും അഞ്ചും പ്രായമായിരുന്ന കാലത്തു് തന്റെ മനസ്സിലുദിച്ചിരുന്ന വികാരവിചാരങ്ങളെ ശിശുസഹജമായ നിഷ്കപടതയോടെക്കൂടി കൊച്ചുത്രേസ്യാ വർണ്ണിക്കുകയാണ്. ഗാഥ, അന്നനട, കേക മുതലായ ഭാഷാവൃത്തങ്ങളിലായി 300 ഈരടികളാണ് ഈ കൃതിയിലുള്ളത്. മലയാളത്തിലെ ആദ്യകാലബാല സാഹിത്യകൃതികളിലൊന്നായും ഇതിനെ പരിഗണിക്കാം. നാലു വയസ്സു പ്രായമായിരുന്ന കാലത്തെ തന്റെ ആനന്ദം കൊച്ചുത്രേസ്യാ വർണ്ണിക്കുകയാണ്.

"ആനന്ദദായകമല്ലാത്തവസ്തുക്കൾ
ഞാനൊന്നും കണ്ടില്ല ഭൂവിലന്നു.
കാലു ചവിട്ടുന്ന ദിക്കിലെല്ലാടവും
ചേലേറും പൂക്കൾ വിതറിയിട്ടു
ആദരവോടെന്നെയേതൊരു ദിക്കിലും
മേദിനി മങ്കയാൾ സല്ക്കരിച്ചു
അഞ്ചിത കൗതുകം സൃഷ്ടികളൊക്കെയും
പുഞ്ചിരിതൂകിയെന്നെന്നെ നോക്കി.
ദൈവചൈതന്യത്തിൻ സൂക്ഷ്മപ്രതി
ബിംബം
പാവനമായി പ്രശോഭിക്കുന്ന
പാരഡൈസായിട്ടെൻ കണ്ണുകളിലന്നു
പാരിടമാകവേ കാണപ്പെട്ടു''

ഈശപ്രസാദം

"സർവ്വേശപാദയുഗഭക്തരിൽ
മുമ്പനായി—
സ്സർവ്വംസഹക്കരിയ മൗക്തികമാല്യമായി
എബ്രായരാം സുകൃതികൾക്കവതംസ''

മായ അബ്രഹാം, ദൈവാജ്ഞയനുസരിച്ച് ഏക പുത്രനെ മോറിയാമലയിൽ കൊണ്ടുപോയി ബലി ചെയ്യുവാൻ ഒരുമ്പെടുന്ന സംഭവമാണ് 141 ശ്ലോകങ്ങളുള്ള ഈ ഖണ്ഡകാവ്യത്തിൽ സിസ്റ്റർ ബനീഞ്ജാ വർണ്ണിച്ചിരിക്കുന്നതു്. ശതാബ്ദനായിട്ടും മക്കളില്ലാതെ ദുഃഖിച്ചിരിക്കുമ്പോഴാണ് വൃദ്ധയായ സാറാ ഒരു പുത്രനെ പ്രസവിച്ചതു്. ആ പുത്രനോ,

വീട്ടിന്നു ചെമ്പൂതവിളക്കുവെച്ചെന്നു
വേണ്ട
നാട്ടാക്കിടച്ചുവിലസുന്നൊരു ബാല
ചന്ദ്രൻ
ശ്രേഷ്ഠതപമാർന്നൊരു കുലത്തിനു
ദീപ്യരത്ന—
പ്പെട്ടാണ വത്സലതയേറിട്ട മക്കി
ശോരൻ
താതന്റെ കണ്ണിനു മകതാരിനുമൊ
ന്നുപോലെ
ശീതോപചാരമരുളും പനിനീരു
ബാലൻ,
മാതാവിനോ മഹിമയാർന്ന വിളങ്ങി
മാറിൽ
ചേണുസ്സുലത്തെയരുളുന്ന മണിപ്പതക്കം

അങ്ങനെയുള്ള ആ ഏക ജാതകനെയാണ് തനിക്ക ബലിചെയ്യുവാൻ ദൈവം അബ്രഹത്തോട് ആവശ്യപ്പെട്ടതു്.

"എല്ലാം വരുന്നതു കണക്കവരട്ടെ,
പുത്രൻ
പല്ലാണ്ട, ദൈവഹിതമിപ്പോളെനിക്ക
കാര്യം
കൊല്ലാനുമായതുകഴിഞ്ഞയിരേ
കീഠനം
കല്ല്യാണസിന്ധു കരുണാംബുധി
ശക്തനല്ലോ''

എന്നുള്ള ഉറച്ച വിശ്വാസത്തോടുകൂടി മകനെ ബലി നൽകുവാൻ തന്നെ അബ്രഹാം തീരുമാനിച്ചു. അബ്രഹത്തിന്റെ വിശ്വാസ സ്ഥിരതയിൽ സംപ്രീതനായ ദൈവം അദ്ദേഹത്തെ അനുഗ്രഹിച്ചു.

"നീയീകല്പന നിർവ്വഹിപ്പിലാരം
വിശ്വസ്തനായ് കാൺകയാൽ
ചെയ്യുന്നേനൊരു സത്യമിന്നു നിതരാം
